
# ഉള്ളടക്കം





04 **ചെയർപേഴ്സന്റെ സന്ദേശം**



05 **ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ പ്രാദേശിക ലഭ്യതയ്ക്ക് വികേന്ദ്രീകൃത നഴ്സറികൾ**
സി തമ്പാൻ, കെ ഷംസുദീൻ,
വി നിരൽ, റെജി ജേക്കബ് തോമസ്



09 **പത്തിയൂരിൽ നിന്ന് പത്തര മാറ്റ് ഉത്പന്നങ്ങൾ**
അനിത കുമാരി പി., ഷമീന ബീഗം പി. പി.,
ജിതിൽ ഷാജു




12 **തൂൾ തേങ്ങയുടെ ഇറക്കുമതിയിൽ നിയന്ത്രണം**
ഡിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി



13 **നാളികേരത്തിന്റെ സുവർണ നാരുകളിൽ ആഭരണ തിളക്കം**
മസൂദ് പി, ഷമീന ബീഗം പി പി.



15 **ബോർഡോ മിശ്രിതത്തിന്റെ കഥ**
ശിവകുമാർ ടി



18 **ലക്ഷദ്വീപിന്റെ സ്വന്തം നാളികേര നാട്ടറിവുകൾ**
ഷമീന ബീഗം പി.പി., ഷംസുദ്ദീൻ കെ.,
തമ്പാൻ സി, മസൂദ് പി

21 **തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ആടലോടകവും നാഗദന്തിയും**
ബേബി ജോസഫ്



23 **വൈഗ കാർഷിക പ്രദർശനം**
ഡിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി




**കുരുത്തോലപ്പന്തൽ** 28




**തെങ്ങിൻ തോപ്പിൽ ഫെബ്രുവരിയിലെ കൃഷിപ്പണികൾ** 32
സി. തമ്പാൻ, പി. സുബ്രഹ്മണ്യം, ജോസഫ് രാജ്കുമാർ



**വാർത്തകൾ** 34




35 **കമ്പോളം**



38 **കേരപാചകം**





# ചെയർപേഴ്സന്റെ സന്ദേശം

പ്രിയ നാളികേര കർഷകരെ...



പുതുവർഷം നാളികേര മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകിയിരിക്കുകയാണ്. പ്രത്യേകിച്ച് രാജ്യത്തെ ഡെസിക്കേറ്റഡ് കോക്കനട്ട് സംരംഭകർക്ക്. കിലോഗ്രാമിന് 150 രൂപയിൽ താഴ്ന്ന വിലയുള്ള ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന്റെ ഇറക്കുമതി നിരോധിച്ചുകൊണ്ട് ഇന്ത്യ ഗവൺമെന്റ് ഇക്കഴിഞ്ഞ ദിവസം പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിനെ അത്യാഹ്ലാദത്തോടെയാണ് നാളികേര സമൂഹം സ്വാഗതം ചെയ്യുന്നത്. നാളികേര വികസന ബോർഡ് 2019 ഏപ്രിൽ മുതൽ തുടർച്ചയായി ഇതിനുള്ള ശ്രമം നടത്തിവരികയായിരുന്നു. അയൽ രാജ്യമായ ശ്രീലങ്കയിൽ നിന്ന് വൻ തോതിലുണ്ടായ ഇറക്കുമതിയെ തുടർന്ന് പ്രതിസന്ധി നേരിടുകയായിരുന്ന നമ്മുടെ രാജ്യത്തെ ഡെസിക്കേറ്റഡ് കോക്കനട്ട് വ്യവസായം, കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഉത്തരവിനെ തുടർന്ന് കൂടുതൽ ഊർജ്ജസ്വലത ആർജ്ജിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

നിലവിലുള്ള നാളികേര തോട്ടങ്ങളിൽ നിന്ന് സുസ്ഥിര ഉത്പാദനം, ഉത്പാദന ക്ഷമതവർധനവ് എന്നീ ലക്ഷ്യങ്ങൾ വച്ച് രാജ്യത്തെ നാളികേര കൃഷി വ്യവസായ മേഖലകളെ സമഗ്രമായി വികസിപ്പിക്കാനുള്ള വ്യാപക പദ്ധതി ബോർഡ് ആസൂത്രണം ചെയ്തുവരികയാണ്. ശാസ്ത്ര സാങ്കേതികാധിഷ്ഠിതമായ മാർഗ്ഗങ്ങളിലൂടെ നാളികേരത്തിന്റെ ഉത്പാദന ക്ഷമത മെച്ചപ്പെടുത്തി ഇപ്പോഴുള്ള വരുമാനം ഇരട്ടിയാക്കുക, നവീകരണാധിഷ്ഠിതമായി വ്യക്തികളുടെയും സമൂഹത്തിന്റെയും വരുമാനം ഉയർത്തുക എന്നതാണ് അടുത്ത പദ്ധതി കാലത്ത് ബോർഡ് ഊന്നൽ നല്കാൻ ഉദ്ദേശിക്കുന്നത്.

ദേശീയവും അന്തർദേശീയവുമായ വിപണികളിൽ ജൈവ ഉൽപ്പന്നങ്ങൾക്ക് ദൃശ്യമായിട്ടുള്ള അഭിരുചിയുടെ പശ്ചാത്തലത്തിൽ പരമ്പരാഗത നാളികേര ഉത്പാദന സംസ്ഥാനങ്ങളിൽ നിലവിലുള്ള നാളികേര തോപ്പുകളെ കൃഷി രീതികളിൽ കാതലായ മാറ്റമൊന്നും വരുത്താതെ ജൈവകൃഷിയിടങ്ങളാക്കി മാറ്റുന്നതിനും നാളികേര വികസന ബോർഡ് ഉദ്ദേശിക്കുന്നു. അടുത്ത പദ്ധതി കാലയളവിൽ ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന പരിപാടിയാണ് ഇത്. ഇതിനൊപ്പം, പാരമ്പര്യേതര നാളികേര മേഖലകളിൽ കൃഷിയിട വിസ്തൃതി വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളും ഊർജ്ജിതപ്പെടുത്തും. വർഗ സങ്കരണത്തിനുള്ള സഹായം ഉൾപ്പെടെ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിന് ആവശ്യമായ ഊന്നൽ തുടരുകയും ചെയ്യും. നാളികേരത്തിന് ജൈവ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നല്കുന്നതിനും നിർദ്ദേശമുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിൽ നാളികേരത്തിന്റെ മൂല്യവർധനവിനും സംസ്കരണത്തിനുമായി അവിടുത്തെ ഗവൺമെന്റുകളുടെ സഹകരണത്തോടെ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും ബോർഡ് ഉദ്ദേശിക്കുന്നു.

നാളികേര വികസന ബോർഡിന്റെ എല്ലാ ഭാവി സംരംഭങ്ങളിലും പ്രവർത്തനങ്ങളിലും നിങ്ങളുടെ എല്ലാവരുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.



ജി. ജയലക്ഷ്മി ഐഎഎസ്
ചെയർപേഴ്സൺ




# ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ പ്രാദേശിക ലഭ്യതയ്ക്ക് വികേന്ദ്രീകൃത നഴ്സറികൾ

**സി തമ്പാൻ, കെ ഷംസുദീൻ, വി നിരൽ, റെജി ജേക്കബ് തോമസ്***
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്, *കായംകുളം

നാളികേരത്തിന്റെ നാടായ കേരളത്തിലെ നാളികേര ഉത്പാദനം വിവിധ കാരണങ്ങളാൽ വളരെ പ്രതികൂല സാഹചര്യത്തെ നേരിടുകയാണ്. രാജ്യത്തെ നാളികേര ഉത്പാദനത്തിന്റെ സിംഹഭാഗവും സംഭാവന ചെയ്തിരുന്ന കേരളം, തെങ്ങുകൃഷിയുടെ വളർച്ചയിൽ മറ്റു പല സംസ്ഥാനങ്ങളുടെയും പിന്നിലാണ് എന്നു കണക്കുകൾ വ്യക്തമാക്കുന്നു. കേരളത്തിലെ തോട്ടങ്ങളിൽ രോഗകീട ബാധയും പ്രായാധിക്യവും മൂലം ഉത്പാദനശേഷി നഷ്ടപ്പെട്ട തെങ്ങുകളുടെ അധിക സംഖ്യയുമാണ്, കുറഞ്ഞ ഉത്പാദന ക്ഷമതയ്ക്കുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഉത്പാദന ശേഷി നഷ്ടപ്പെട്ട തെങ്ങുകൾ കൂട്ടത്തോടെ വെട്ടി മാറ്റി, മെച്ചപ്പെട്ട തെങ്ങിനങ്ങളുടെ ഗുണമേന്മയുള്ള തൈകൾ ഉപയോഗിച്ച് പുനർകൃഷി നടത്തുകയാണ് സംസ്ഥാനത്തെ തെങ്ങിൻ തോട്ടങ്ങളെ പുനരുദ്ധരിച്ച്, നാളികേര മേഖലയെ ലാഭത്തിലാക്കാനുള്ള ഒരു പ്രധാന സമീപനം. ഉയർന്ന വിളവും മറ്റു ഗുണമേന്മകളുമുള്ള നെടിയതും, കുറിയതും, സങ്കര ഇനത്തിൽ പെട്ടതുമായ നിരവധി നാളികേര ഇനങ്ങൾ രാജ്യത്തെ നാളികേര ഗവേഷണ സ്ഥാപനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

കാസറഗോട്ടു പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള ഗവേ

**കേരളത്തിൽ സി.പി.സി.ആർ.ഐ യുടെ സാങ്കേതിക പിന്തുണയോടെ കർഷക പങ്കാളിത്തത്തോടെ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ജില്ലകൾ തോറും സ്ഥാപിക്കപ്പെട്ടിരിക്കുന്ന നാളികേര നഴ്സറികളുടെ അവസ്ഥയെക്കുറിച്ചും അവ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഒരു സമഗ്ര അവലോകനം**

ഷണ സ്ഥാപനം നിലവിൽ 21 നാളികേര ഇനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ 10 നെടിയ ഇനങ്ങളും അഞ്ചു കുറിയ ഇനങ്ങളും അഞ്ചു സങ്കര ഇനങ്ങളും ഉണ്ട്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവാണ് മെച്ചപ്പെട്ട ഇനങ്ങൾ കൃഷി ചെയ്യുന്നതിൽ ഇപ്പോൾ കൃഷിക്കാർ നേരിടുന്ന പ്രധാന ബുദ്ധിമുട്ട്. കേരളത്തിൽ ഒരു വർഷം ശരാശരി 30 ലക്ഷം തെങ്ങിൻ തൈകളാണ് ആവശ്യമായി വരുന്നത്. എന്നാൽ സംസ്ഥാനത്ത് കൃഷി കർഷക ക്ഷേമ വകുപ്പ്, സിപിസിആർഐ, കാർഷിക സർവകലാശാല, നാളികേര വികസന ബോർഡ് തുടങ്ങിയ പൊതു മേഖലാ സ്ഥാപനങ്ങളുടെ നഴ്സറികളിൽ നിന്നും ഏതാനും സ്വകാര്യ നഴ്സറികളിൽ നിന്നും മൊത്തം ഉത്പാദിപ്പിക്കാൻ സാധിക്കുന്നത് പത്തു ലക്ഷം തെങ്ങിൻ തൈകൾ മാത്രമാണ്. അതായത് തെങ്ങിൻ തൈകളുടെ ഉത്പാദനവും ആവശ്യകതയും തമ്മിൽ വലിയ വിടവ് നിലനില്ക്കുന്നു. ഇതുമൂലം ഒട്ടേറെ വ്യാജന്മാർ ഈ സാഹചര്യം മുതലെടുത്ത് ഗുണമേന്മ കുറഞ്ഞ തൈകൾ നല്കി നാളികേര കർഷകരെ വഞ്ചിക്കുകയും, ഭാവിയിൽ ഇതു നാളികേരത്തിന്റെ ഉത്പാദനത്തെയും ഉത്പാദന ക്ഷമതയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

## ദീർഘകാല നടപടികൾ

അനുയോജ്യമായ മേഖലകളിൽ പുതിയ വിത്തുത്പാദന തോട്ടങ്ങൾ സ്ഥാപിക്കുക, പൊതു മേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള നാളികേര നഴ്സറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നടീൽ വസ്തുക്കളുടെ ഉത്പാദനം ഉയർത്തുക, സംസ്ഥാന കൃഷി കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിൽ തെങ്ങിന്റെ വിവിധ ഇനങ്ങളുടെ തൈകൾ നട്ടു പരിപാലിച്ച് സംസ്ഥാനത്തു കൃഷിക്ക് യോജിച്ച തൈകളും വിത്തുകളും ഉത്പാദിപ്പിക്കുന്നതിനാവശ്യമായ മാതൃവൃക്ഷ ശേഖരം വികസിപ്പിക്കുക, കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വിത്തുത്പാദന കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് നാളികേരത്തിന്റെ നടീൽ വസ്തുക്കളുടെ ഉത്പാദനം ഉയർത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ.





## വികേന്ദ്രീകൃത നഴ്സറികൾ

കൃഷിക്കാരുടെ നാളികേര തോട്ടങ്ങളിലെ ജനിതക ഗുണമേന്മ പ്രയോജനപ്പെടുത്തുക എന്നതാണ് ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ആവശ്യം നിറവേറ്റുന്നതിനുള്ള ഹ്രസ്വകാല നടപടി. കൃഷിക്കാരുടെ തോട്ടങ്ങളിലെ മികച്ച ജനിതക വിഭവങ്ങളെ സംസ്ഥാന കൃഷി കർഷക ക്ഷേമ വകുപ്പ് തെങ്ങിന്റെ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ ചില പ്രത്യേക മേഖലകളിലെ കൃഷിയിടങ്ങളിലുള്ള തെരഞ്ഞെടുക്കപ്പെട്ട മാതൃവൃക്ഷങ്ങളിൽ നിന്നു സംഭരിക്കുന്ന വിത്തു തേങ്ങകൾ ആണ് കൃഷി വകുപ്പിന്റെ വിവിധ സ്ഥലങ്ങളിലെ നാളികേര നഴ്സറികളിൽ വളർത്തി കൃഷി ഓഫീസുകൾ വഴി സംസ്ഥാനത്തെ കൃഷിക്കാർക്കു വിതരണം ചെയ്യുന്നത്. ഈ സമീപനത്തിൽ തെങ്ങിൻ തൈ ഉത്പാദന പ്രക്രിയയിലുള്ള നാളികേര കൃഷിക്കാരുടെ പങ്കാളിത്തം കാര്യമായിട്ടൊന്നുമില്ല.

നാളികേര ഉത്പാദക സംഘങ്ങൾക്ക് നേരിട്ട് വികേന്ദ്രീകൃത നാളികേര നഴ്സറികൾ സ്ഥാപിച്ച് പരിപാലിക്കാവുന്നതാണ്. ഇതിനായി അതതു പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ വളരുന്ന മികച്ച തെങ്ങിനങ്ങളുടെ മാതൃവൃക്ഷങ്ങളിൽ നിന്നു വിത്തു തേങ്ങകൾ സംഭരിച്ച് നാളികേര കർഷകർക്ക് ഈ പ്രക്രിയയിൽ സജീവമായി പങ്കാളികളാകാം. പക്ഷെ മാതൃ വൃക്ഷങ്ങൾ കണ്ടെത്തുക, പരാഗണം നടത്തുക, വിത്തു തേങ്ങ സംഭരിക്കുക, നഴ്സറി സ്ഥാപിക്കുക, കൃഷിക്കാർക്കു വിതരണത്തിനുള്ള മികച്ച തൈകൾ തെരഞ്ഞടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ഇവർക്കു സാങ്കേതിക പിന്തുണ വേണം.

## മാതൃകാ പദ്ധതി

കർഷക പങ്കാളിത്തത്തോടെ വികേന്ദ്രീകൃത കേര നഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിനുള്ള മാതൃകാ പദ്ധതി 2018 മുതൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ (സി.പി.സിആർ.ഐ) ആഭിമുഖ്യത്തിൽ സംസ്ഥാന കൃഷി കർഷക ക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വയനാട്, ഇടുക്കി ഒഴിച്ചുള്ള 12 ജില്ലകളിൽ നടപ്പിലാക്കി വരികയാണ്. സംസ്ഥാന കൃഷി വകുപ്പിന്റെ നാളികേര വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ സഹായം ലഭ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങളുടെ ഭാഗമായി, പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലകളിലും വിവിധ ശിൽപശാലകളും പരിശീലന പരിപാടികളും തുടക്കത്തിൽത്തന്നെ സംഘടിപ്പിച്ചിരുന്നു. സി.പി.സി.ആർ.ഐ യുടെ ആസ്ഥാനമായ കാസർഗോഡും പ്രാദേശിക കേന്ദ്രമായ കായംകുളത്തും അതുപോലെ വിവിധ ജില്ലകളി

ലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും സംഘടിപ്പിച്ച വിവിധ പരിശീലന പരിപാടികളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കേര കർഷകർ, കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾ, തെങ്ങുകയറ്റത്തൊഴിലാളികൾ തുടങ്ങി എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരും പങ്കെടുത്തിരുന്നു. തുടർന്ന് വിവിധ ജില്ലകളിൽ നിരവധി കേര കർഷക കൂട്ടായ്മകൾ വികേന്ദ്രീകൃത കേര നഴ്സറികൾ ആരംഭിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. ഓരോ ജില്ലകളിലും തെങ്ങിൻ തൈകളുത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക പിന്തുണ ലഭ്യമാക്കുന്നതിനും സിപിസിആർ.ഐ യുടേയും കൃഷി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഔദ്യോഗിക സംവിധാനങ്ങളുണ്ടായിരുന്നു. പദ്ധതിയുടെ ഭാഗമായി ഇതുവരെ 32-ഓളം വികേന്ദ്രീകൃത കേര നഴ്സറികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച് കഴിഞ്ഞു. അവയിൽ നിന്നും തെങ്ങിൻ തൈകൾ വിപണനം ചെയ്യുന്നുമുണ്ട്.

ജില്ല തിരിച്ചുള്ള വികേന്ദ്രീകൃത നഴ്സറികളുടെ വിശദാംശങ്ങൾ പട്ടികയിൽ.

| നമ്പർ. | ജില്ല | വികേന്ദ്രീകൃത കേരനഴ്സറി |
|---|---|---|
| 1 | കാസർഗോഡ് | 1. പരപ്പ ബ്ലോക്ക് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, പരപ്പ പി.ഒ., കാസർഗോഡ് - ഫോൺ : 9447474464 |
| | | 2. നീലേശ്വരം നാളികേര ഉൽപാദക സംഘം, നീലേശ്വരം പി.ഒ, കാസർഗോഡ് ഫോൺ : 9447711648 |
| | | 3. സൗപർണ്ണിക നാളികേര ഉൽപാദക സംഘം, ബേരിപ്പടവ്, ബള്ളൂർ, ബായാർ, കാസർഗോഡ് ഫോൺ : 9480055943 |
| 2. | കണ്ണൂർ | 4. കൽപവൃക്ഷ കോക്കനട്ട് ഫെഡറേഷൻ, ആറളം നോർത്ത്, കീഴ്പള്ളി പി.ഒ കണ്ണൂർ ഫോൺ : 9747272140/9447872940 |
| | | 5. നവജ്യോതി ഇൻഫാം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ചെമ്പേരി പി.ഒ, കണ്ണൂർ ഫോൺ : 9447458674 |
| | | 6. വെർജിൻ വാലി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേളകം പി.ഒ., അടയ്ക്കാത്തോട്, കണ്ണൂർ ഫോൺ : 9495314874 |
| 3. | കോഴിക്കോട് | 7. കോരപ്പുഴ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, എരഞ്ഞിക്കൽ പി.ഒ., കോഴിക്കോട് ഫോൺ : 9744467135 |
| | | 8. കുന്ദമംഗലം ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, പിലാശ്ശേരി പി.ഒ., കോഴിക്കോട് ഫോൺ : 9446354662 |
| | | 9. ചങ്ങരോത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, പാലേരി ടൗൺ പി.ഒ., കോഴിക്കോട് ഫോൺ : 9961487913/9495411805 |
| 4. | മലപ്പുറം | 10 പുറത്തൂർ കേര കർഷക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, മുട്ടന്നൂർ പി.ഒ., പുറത്തൂർ. മലപ്പുറം ഫോൺ : 9747051504, 9605809945, 0494 2563366 |
| | | 11. കേര സുരക്ഷ ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, മാറഞ്ചേരി പി.ഒ., മലപ്പുറം, ഫോൺ : 9995118821, 9846454779 |
| | | 12. വെട്ടം നോർത്ത് കേര കർഷക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, പരിയാപുരം, വാക്കാട് പി.ഒ., തിരൂർ, മലപ്പുറം ഫോൺ : 9072259775, 9495511838 |
| 5. | പാലക്കാട് | 13. സി.പി. ചള്ള നാളികേര ഉൽപാദക സംഘം, നട്ടുകാൽ പി.ഒ, ചിറ്റൂർ, പാലക്കാട് ഫോൺ : 9388410814 |
| | | 14. പാലക്കാട് ബ്ലോക്ക് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, ഏഴക്കാട് പി.ഒ., മുണ്ടൂർ, പാലക്കാട് ഫോൺ : 944680052 |
| | | 15. മല്ലീശ്വര ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, സമ്പാർക്കോട്, അഗളി പി.ഒ., പാലക്കാട് ഫോൺ : 9020654721 9, 7012745582 |
| 6. | തൃശൂർ | 16. ഒല്ലൂർ ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, ഇല്ലന്തുരുത്തി, ഒല്ലൂർ, തൃശൂർ ഫോൺ : 8848543385 |
| | | 17. അർത്താട്ട് കുന്ദംകുളം ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, ഉള്ളിശ്ശേരി, തൃശൂർ ഫോൺ : 8593839677, 9847699006 |
| 7. | എറണാകുളം | 18. മൂക്കന്നൂർ ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, മൂക്കന്നൂർ പി.ഒ., എറണാകുളം ഫോൺ : 9745813439 |
| | | 19. വടേൽ നാളികേര ഉൽപാദക സംഘം, നായരമ്പലം പി.ഒ., എറണാകുളം, ഫോൺ : 9446044383, 9656464383 |

| | | |
|---|---|---|
| 8. | കോട്ടയം | 20. കൈരളി നാളികേര ഉൽപാദക സംഘം, പെരുമ്പനച്ചി പി.ഒ., ചങ്ങനാശ്ശേരി, കോട്ടയം ഫോൺ : 9495664580 |
| | | 21. കേരഗ്രാമം അപെക്സ് ബോഡി, തിരുവാർപ്പ്, കോട്ടയം ജില്ല, ഫോൺ : 9249338916 |
| | | 22. കല്ലറ നാളികേര ഉൽപാദക സംഘം, കല്ലറ സൗത്ത് പി.ഒ., കോട്ടയം ഫോൺ : 9446378893 |
| 9. | ആലപ്പുഴ | 23. കേരശ്രീ നാളികേര ഉൽപാദക സംഘം, തെക്കേക്കര പി.ഒ., പല്ലാരിമംഗലം, ആലപ്പുഴ, ഫോൺ : 9539851155 |
| | | 24. ഭരണിക്കാവ് പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, കോയിക്കൽ കട്ടച്ചിറ, ഭരണിക്കാവ് ആലപ്പുഴ ഫോൺ : 9495018884 |
| 10. | പത്തനംതിട്ട | 25. പന്നിവേലിക്കൽ പാടശേഖര സമിതി, മേലൂട് പി.ഒ., അടൂർ, പത്തനംതിട്ട ഫോൺ : 9446467006 |
| | | 26. കടപ്ര നാളികേര ഉൽപാദക സംഘം, കടപ്ര, നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട ഫോൺ : 9496325869 |
| 11. | കൊല്ലം | 27. ഓച്ചിറ ഫാർമേർസ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, നീലിക്കുളം, വാർഡ് 12, കുലശേഖരപുരം, ഏച്ചിറ, കൊല്ലം ഫോൺ : 9037533554 |
| | | 28. കല്ലട ഫെഡറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, പടിഞ്ഞാറേ കല്ലട, കടപ്പനാത്ത്, പെരുവിളക്കര പി.ഒ., കൊല്ലം ഫോൺ : 9544656589 |
| | | 29. ഹരിതലക്ഷ്മി കർഷക സംഘം, പുളിയത്ത് മുക്ക്, വടക്കേവിള പി.ഒ., കൊല്ലം ഫോൺ : 9447111934 |
| | | 30. പെരിനാട് പഞ്ചായത്ത് നാളികേര കർഷക സൊസൈറ്റി, വെളിമൺ വെസ്റ്റ്, കൊല്ലം, ഫോൺ: 9746416602 |
| 12. | തിരുവനന്തപുരം | 31. വലിയറ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, വെള്ളനാട് പി. ഒ., തിരുവനന്തപുരം പി.ഒ., ഫോൺ : 9447111934 |
| | | 32. പീപ്പിൾസ് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, കാഞ്ഞിരങ്കുളം, കാരിച്ചാൽ കഴിവൂർ പി.ഒ., തിരുവനന്തപുരം ഫോൺ : 9497163838 |



പദ്ധതിയുടെ ഭാഗമായി പ്രവർത്തനം തുടങ്ങിയ ഈ വികേന്ദ്രീകൃത നഴ്സറികളിൽ നിന്നും തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിൽ ചില നഴ്സറികൾ തൈകളുടെ വിപണനത്തിന് ചില പ്രതിബന്ധങ്ങൾ നേരിടുന്നു. അതിനാൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് കൃഷി വകുപ്പിന്റെയും പഞ്ചായത്തുകളുടെയും പിന്തുണ, പ്രത്യേകിച്ച് തൈകളുടെ വിപണനത്തിൽ ഇവർക്ക് ആവശ്യമുണ്ട്. തുടർസാങ്കേതിക സഹായങ്ങളും അത്യാവശ്യമാണ്.

## മുന്നോട്ടുള്ള വഴികൾ

നാളികേര തൈകളുടെ ലഭ്യത വർധിപ്പിക്കുന്നതിന് കൃഷിക്കാരുടെ തോട്ടങ്ങളിൽ ലഭ്യമായ മികച്ച നാളികേര ജനിതക ശേഖരം ഫലപ്രദമായി ഉപയോഗിക്കുന്നിന് വലിയ സാധ്യതയാണുള്ളത്. വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും അതതു പ്രദേശങ്ങളിലെ നാളികേര തോട്ടങ്ങളിൽ വളരുന്ന വിവിധ ഇനങ്ങളുടെ മാതൃ വൃക്ഷങ്ങൾ കണ്ടെത്തി കൃഷിക്കാരുടെ സഹായത്തോടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് മേഖലയിലെ നാളികേര ഉത്പാദക സംഘങ്ങളെ ശാക്തീകരിക്കേണ്ടിയിരിക്കുന്നു. മാതൃവൃക്ഷം തെരഞ്ഞെടുക്കുന്നതു മുതൽ നല്ല തൈകൾ തെരഞ്ഞെടുത്ത് കർഷകർക്ക് ലഭ്യമാക്കുന്നതു വരെ കർശന ഗുണനിയന്ത്രണം ഉറപ്പു വരുത്തേണ്ടത്, പ്രാദേശിക തലത്തിൽ കർഷകരെ സഹായിക്കുന്നതിനുള്ള ഇത്തരം സംരംഭങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്. കൃഷി വകുപ്പിന്റെ സഹായത്തോടെ സിപിസിആർ ഐ നടപ്പാക്കിയ മാതൃകാ പദ്ധതിയിൽ ഇത് ഉചിതമാം വിധം തെളിയിച്ചിട്ടുണ്ട്. വിജയകരമായ നാളികേര നടീൽ വസ്തു ഉത്പാദനത്തിന് പരിശീലനം നേടിയ മനുഷ്യവിഭവശേഷിയും ആവശ്യമാണ്. തെങ്ങു കയറ്റ തൊഴിലാളികളുടെ നൈപുണ്യ നിലവാരം ഉയർത്തുന്നതും ഈ സംരംഭത്തിന്റെ ഭാഗമാണ്. കാരണം ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് തെങ്ങുകയറ്റക്കാരായ ഒരു സംഘം പരാഗണവിദഗ്ധരെയും ആവശ്യമുണ്ട്. ഇത്തരത്തിലുള്ള വികേന്ദ്രീകൃത സംരംഭത്തിന്റെ നിലനിൽപ് ഉറപ്പാക്കുന്നതിന് സുസ്ഥിര നാളികേര വികസനത്തിനായി ഇടപെടലുകളിൽ വ്യാപൃതരായിരിക്കുന്ന വിവിധ ഏജൻസികളുടെ ശക്തമായ പിന്തുണയും, ഏകോപിത പ്രവർത്തനങ്ങളും കൂടി ഉറപ്പാക്കുകയും വേണം.

ഫോൺ: 04994232895




# പത്തിയൂരിൽ നിന്ന് പത്തര മാറ്റ് ഉത്പന്നങ്ങൾ

**അനിത കുമാരി പി., ഷമീന ബീഗം പി. പി., ജിതിൽ ഷാജു**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം

കേരളത്തിന്റെ കാർഷിക മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വിളകളിൽ ഒന്നാണ് നാളികേരം. ഒരു കാലത്ത് തെങ്ങു കൃഷികൊണ്ടു മാത്രം കർഷകർ ഉപജീവനം നടത്തിയിരുന്നു. പക്ഷെ ആ സാമൂഹ്യ ജീവിത ചുറ്റുപാടുകൾ ഇന്നു മാറി. കേവലം നാളികേര വിൽപ്പന കൊണ്ട് മാത്രം ജീവിക്കാനുള്ള വരുമാനം നേടാൻ സാധിക്കുകയില്ല എന്ന സ്ഥിതിയിലാണ് ഇന്ന് നമ്മുടെ കാർഷിക മേഖല. എന്നാൽ നാളികേര കൃഷിഅടിസ്ഥാനമാക്കി വിവിധങ്ങളായ കൃഷി പരീക്ഷണങ്ങളും, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും നടത്തി ശാസ്ത്രീയമായി കാർഷിക വൃത്തി ലാഭകരമാക്കുന്ന നൂതന മാതൃകകൾ നമുക്ക് ചുറ്റും നിരവധിയുണ്ട്. ഓല മുതൽ കടവരെയുള്ള തെങ്ങിന്റെ മുഴുവൻ ഭാഗങ്ങളും വിവിധ ആവശ്യങ്ങൾക്ക് ആളുകൾ ചരിത്രാതീത കാലം മുതലേ ഉപയോഗിച്ച് വന്നിരുന്നു. നാളികേര കൃഷിയിൽ നിന്നുള്ള വരുമാന സാധ്യതകൾ, വെളിച്ചെണ്ണയുടേയും, ഉരുക്കു വെളിച്ചെണ്ണയുടേയും നിർമ്മാണവും, നീര ഉത്പാദനവും തുടങ്ങി ചമ്മന്തിപ്പൊടിയും തേങ്ങാപ്പാൽ സംസ്ക്കരണവും കടന്ന് വിവിധ തലങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. മികച്ച മാതൃകകൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിലൂടെ മാത്രമേ നാളികേര കർഷകരിൽ ആത്മ വിശ്വാസവും, നാളികേര അധി

> **ലഭ്യമായ കാർഷിക വിഭവങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട് നാളികേരാധിഷ്ഠിത സംരംഭകത്വത്തിലൂടെയും, സംയോജിത കൃഷിയിലൂടെയും തന്റെ പുരയിടത്തിലെ കാർഷിക വരുമാനം ഇരട്ടിയാക്കി മാറ്റിയിരിക്കുകയാണ് പത്തിയൂർ ആർ.കെ സദനത്തിൽ ജഗേഷ്കുമാർ. കേന്ദ്ര സർക്കാരിന്റെ കാർഷിക പദ്ധതികൾ വഴി ലഭിച്ച വായ്പ മികച്ച സംരംഭത്തിൽ നിക്ഷേപിക്കുകയും ശാസ്ത്രീയമായി അത് നടപ്പിലാക്കുകയും ചെയ്തു എന്നതാണ് ഇദ്ദേഹത്തിന്റെ വിജയരഹസ്യം.**



**ഫാർമർ ഫസ്റ്റ് പ്രോഗ്രാമിന്റെ ഭാഗമായി ലഭിച്ച വി.സി.ഒ കുക്കർ ഗുണമേന്മയുള്ളതും ഔഷധഗുണമുള്ളതുമായ ഉരുക്കു വെളിച്ചെണ്ണയുടെ ഉത്പാദനത്തിന് മുതൽക്കൂട്ടായി മാറിയെന്നത് ജഗേഷ് കുമാർ തുറന്നു സമ്മതിക്കുന്നു. ചിരട്ട ഇന്ധനമായി ഉപയോഗിക്കുന്ന കൊപ്ര ഡ്രയറിൽ, കൊപ്ര ഉണക്കി ചക്കിൽ ആട്ടി വെളിച്ചെണ്ണയും, തേങ്ങ തിരുമ്മി വിർജിൻ കോക്കനട്ട് ഓയിലും നിർമ്മിക്കുന്ന ഈ സംരംഭകന്റെ വിവിധ ഉൽപന്നങ്ങൾക്ക് ദിവസം തോറും ആവശ്യക്കാർ വർധിച്ച് വരികയാണ്.**

ഷ്ഠിതമായ സുസ്ഥിര കൃഷി രീതിയിലുള്ള വിശ്വാസ്യതയും വളർത്തുവാൻ സാധിക്കുകയുള്ളൂ. കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിജയ മാതൃകകളുടേയും അടിസ്ഥാനം പരിമിതികൾക്കപ്പുറമുള്ള അർപ്പണമനോഭാവവും, സ്ഥിരോത്സാഹവുമാണ്. ലഭ്യമായിട്ടുള്ള കാർഷിക പരിജ്ഞാനവും വിദഗ്ധോപദേശവും സാമൂഹിക പരിതസ്ഥിതിയുടേയും, വിപണന സാധ്യതകളുടേയും ശാസ്ത്രീയമായ അറിവും ഏതൊരു സംരംഭത്തിന്റെയും സുസ്ഥിരമായ വിജയത്തിന്റെ നെടും തൂണുകളാണ്.

## സാധ്യതകളുടെ തിരിച്ചറിവ്

മേൽപ്പറഞ്ഞ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തി ആർജ്ജിച്ച അറിവും, ജീവിത പരിചയവും, ശാസ്ത്രീയമായ മേൽനോട്ടവും, കാർഷിക ശാസ്ത്രജ്ഞരുടെ ഉപദേശവും പ്രോത്സാഹനവും കൊണ്ട് തെങ്ങിൽ നിന്നു മാത്രം വരുമാനം ഇരട്ടിയാക്കിയ യുവ സംരംഭകൻ ആണ് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിൽ 7-ാം വാർഡിൽ താമസിക്കുന്ന ആർ. കെ. സദനത്തിലെ ജഗേഷ് കുമാർ എന്ന കാർഷിക എൻജിനീയറിംഗ് ബിരുദധാരി. നാളികേരാധിഷ്ഠിത ഇടവിള പച്ചക്കറി കൃഷിയും, മത്സ്യകൃഷിയും, മൃഗസംരക്ഷണവും മുതൽ നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളായ വെളിച്ചെണ്ണയും ഉരുക്ക് വെളിച്ചെണ്ണയും, ചമ്മന്തിപ്പൊടിയും മറ്റ് അനുബന്ധ ഉൽപന്നങ്ങളും വീട്ടിൽ തന്നെ ഉത്പാദിപ്പിച്ച് മൂന്നു വർഷം നീണ്ട കഠിന പ്രയത്നത്തിലൂടെ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച ഈ യുവ കർഷകന്റെ വിജയഗാഥ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ഫാർമർ ഫസ്റ്റ് പ്രോഗ്രാം വഴി കർഷകരിലേക്ക് വിജയകരമായി നടന്ന വിജ്ഞാന വ്യാപനത്തിന്റേയും പത്തിയൂരിലെ കർഷകരുടെ ഇടയിൽ നടന്ന പരിവർത്തനത്തിന്റേയും വ്യക്തമായ ഉദാഹരണവും കൂടിയാണ്.

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ കീഴിൽ ആലപ്പുഴയിലെ കൃഷ്ണപുരത്തു സ്ഥിതി ചെയ്യുന്ന കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേരവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും, ആലപ്പുഴയിലേയും, മറ്റ് സമീപ ജില്ലകളിലേയും പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമാണ് പ്രധാനമായും നടക്കുന്നത്. വിവിധ കർഷക കേന്ദ്രീകൃത പദ്ധതികളിൽ ഒന്നായ ഫാർമർ ഫസ്റ്റ് പ്രോഗ്രാം, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 2016 മുതൽ പത്തിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ആരംഭിക്കുകയും മികച്ച നാളികേര കർഷകരേയും നാളികേരാധിഷ്ഠിത സംയോജിത കർഷകരേയും കണ്ടെത്തുകയും അവരുടെ കാർഷിക സാധ്യതകൾ തിരിച്ചറിയുകയും കർഷകരുടെ കാർഷിക വരുമാനം ഇരട്ടിയാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു പോരുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ എടുത്തു പറയാവുന്ന മികച്ച മാതൃക തന്നെയാണ് ജഗേഷ് കുമാർ എന്ന സംരംഭകന്റെ പ്രവർത്തനങ്ങളും കൃഷി രീതികളും.

## സാങ്കേതികതയും വരുമാന വർദ്ധനയും

എട്ടു ലക്ഷം രൂപയോളം കാർഷിക വായ്പയും, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സാങ്കേതിക പരിജ്ഞാനവുമാണ് ഈ യുവ സംരംഭകന്റെ പ്രാഥമിക നിക്ഷേപമായി ഉണ്ടായിരുന്നത്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം നൽകിയ കൊപ്രാ ഡ്രയർ ചിരട്ട ഇന്ധനമായി ഉപയോഗിച്ച് 24 മണിക്കൂർ കൊണ്ട് തേങ്ങ ഉണക്കി കൊപ്ര ആക്കുന്നതിനുള്ള മികച്ച ഉപകരണമായി ഈ യുവ കർഷകൻ ഉപയോഗിച്ചു വരുന്നു. ഇങ്ങനെ ഉണ്ടാക്കിയെടുക്കുന്ന കൊപ്രയിൽ നിന്നും ആട്ടിയെടുക്കുന്ന ശുദ്ധമായ വെളിച്ചെണ്ണ അദ്ദേഹം തന്നെ വിപണനം ചെയ്യുന്നു. പത്തിയൂർ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും മികച്ച നാളികേര കർഷകരിൽ നിന്നുമുള്ള നാളികേരം വെളിച്ചെണ്ണ ഉത്പാദനത്തിന് സംഭരിക്കുക വഴി പത്തിയൂരിലെ കർഷകർക്ക് ജഗേഷ് കുമാർ സുസ്ഥിരമായ വില നൽകുന്ന സംരംഭകനായി മാറുകയും ചെയ്തു. കൊപ്ര ചക്കിലാട്ടി വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് ആരംഭിച്ച ഇദ്ദേഹത്തിന്റെ കാർഷിക സംരംഭം പിന്നീട് ഉരുക്ക് വെളിച്ചെണ്ണ, തേങ്ങാച്ചമ്മന്തി, തീയൽ മിക്സ് തുടങ്ങിയ വൈവിദ്ധ്യങ്ങളായ ഉൽപന്നങ്ങളിലൂടെ ഉപഭോക്തൃ ശ്രദ്ധ നേടുകയായിരുന്നു.

ഫാർമർ ഫസ്റ്റ് പ്രോഗ്രാമിന്റെ ഭാഗമായി അദ്ദേഹത്തിനു ലഭിച്ച വി.സി.ഒ കുക്കർ ഗുണമേന്മയുള്ളതും ഔഷധഗുണമുള്ളതുമായ ഉരുക്കു വെളിച്ചെണ്ണയുടെ ഉത്പാദനത്തിന് മുതൽക്കൂട്ടായി മാറിയെന്നത് ജഗേഷ് കുമാർ തുറന്നു സമ്മതിക്കുന്നു. ചിരട്ട ഇന്ധനമായി ഉപയോഗിക്കുന്ന കൊപ്ര ഡ്രയറിൽ, കൊപ്ര ഉണക്കി ചക്കിൽ ആട്ടി വെളിച്ചെണ്ണയും, തേങ്ങ തിരുമ്മി വിർജിൻ കോക്കനട്ട് ഓയിലും നിർമ്മിക്കുന്ന ഈ സംരംഭകന്റെ വിവിധ ഉൽപന്നങ്ങൾക്ക് ദിവസം തോറും ആവശ്യക്കാർ വർധിച്ച് വരികയാണ്.

മാസം തോറും 1000 ലിറ്റർ ശുദ്ധമായ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന ഈ സംരംഭകൻ ന്യായമായ വിലയ്ക്കാണ് അതു വിപണിയിൽ എത്തിക്കുന്നത്. ജി.എം.ജി. അക്ഷയ എന്ന ബ്രാൻഡിലാണ് പത്തിയൂരിന്റെ ഈ ഉൽപന്നം വിപണിയി





ലെത്തുന്നത്. മായം കലർന്ന വെളിച്ചെണ്ണ വിപണിയിൽ ഉപഭോക്താക്കളെ ദിനം തോറും വഞ്ചിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജഗേഷ് കുമാറിന്റെ തീർത്തും സുതാര്യവും ഗുണമേന്മയുമുള്ള കാർഷിക ഉൽപന്നങ്ങൾ ഏവരുടേയും പ്രശംസ നേടിക്കൊണ്ടിരിക്കുന്നു.

## കാർഷിക പ്രവർത്തനങ്ങളും കണ്ടെത്തലുകളും

ഏറെ ഔഷധ ഗുണമുള്ള വിർജിൻ കോക്കനട്ട് ഓയിൽ നിലവിൽ ലിറ്ററിന് 1000 രൂപയ്ക്കാണ് ഇദ്ദേഹം വിൽപന നടത്തുന്നത്. നിർമാണത്തിൽ സങ്കീർണ്ണതകൾ ഏറെയുള്ള വിർജിൻ കോക്കനട്ട് ഓയിൽ മാസം തോറും 5 കിലോ മാത്രമാണ് ഇന്നത്തെ സാഹചര്യത്തിൽ ഈ യുവ സംരംഭകൻ ഉത്പാദിപ്പിക്കുന്നത്. ഉപോൽപന്നങ്ങളായ ചമ്മന്തിപ്പൊടിയും തീയൽ മിക്സും തയ്യാറാക്കുന്നതിലൂടെ ഉത്പാദന യൂണിറ്റിന്റെ കാര്യക്ഷമതയും ഉറപ്പാക്കുന്ന ഇദ്ദേഹം അഗ്രിക്കൾച്ചറൽ എഞ്ചിനീയർ എന്ന നിലയിലുള്ള സാങ്കേതികത പരിജ്ഞാനം വഴി ഉത്പാദന ചെലവ് കുറയ്ക്കുവാനും ഉൽപന്നങ്ങൾ വീണ്ടും വൈവിദ്ധ്യവൽക്കരിക്കാനുമുള്ള പരീക്ഷണങ്ങളുമായി മുന്നേറുകയാണ്. ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുന്ന ഈ സംരംഭകന്റെ പ്രവർത്തനങ്ങളിൽ മറ്റ് ഇടനിലക്കാരോ, ലാഭേച്ഛ മുൻ നിർത്തിയുള്ള ഇടപെടലുകളോ ഇല്ലാത്തതിനാൽ കർഷകർക്കും, ഉപഭോക്താക്കൾക്കും ഇദ്ദേഹം പ്രിയങ്കരനാണ്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നിന്നും ലഭിച്ച പരിശീലനങ്ങളും മറ്റ് കാർഷിക വിവര ശേഖരണ പ്രവർത്തനങ്ങളും വഴി വിവിധ കാർഷിക ഗവേഷണങ്ങളിലും അദ്ദേഹം സജീവമാണ്.



## സംരംഭകത്വവും സംയോജിത കൃഷി രീതികളും

ഓണാട്ടുകരയുടെ സ്വന്തം കൃഷിയായ എള്ള് സംസ്കരിച്ച് മാസം തോറും 800 കിലോഗ്രാം എള്ളെണ്ണയും ഉത്പാദിപ്പിക്കുന്ന ഇദ്ദേഹം പാരമ്പര്യ കൃഷിയായ എള്ളിന്റെ സാധ്യതകളും ഏറെ പ്രയോജനപ്പെടുത്തുന്നു. 50 ഓളം കോഴികളേയും വിവിധയിനം താറാവുകളേയും അലങ്കാര പക്ഷികളേയും പരിപാലിക്കുന്ന ഈ പരിസ്ഥിതി പ്രേമിക്ക് ദിവസേന 30-ഓളം കോഴി മുട്ടകളും വിപണിയിലെത്തിക്കാൻ സാധിക്കുന്നു. നാല് കറവ പശുക്കളുള്ള ഇദ്ദേഹം നാടൻ പശുവിന്റെ പാലും നേരിട്ട് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നു. സംയോജിത കൃഷി രീതിയുടെ ഏറ്റവും മികച്ച മാതൃക പ്രാവർത്തികമാക്കുന്ന ജഗേഷ് കുമാറിന് മികച്ച മത്സ്യക്കുളവും, തിലോപ്പിയ, കരട്ടി മുതലായ ഇനങ്ങളുടെ ഉത്പാദന യൂണിറ്റും അധിക വരുമാനത്തിന്റേയും പോഷക പ്രധാനമായ ഭക്ഷ്യ സംസ്ക്കാരത്തിന്റേയും വഴികളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമേ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ തന്റെ 18 സെന്റോളം വരുന്ന ചെറിയ കൃഷിയിടത്തിൽ ഇദ്ദേഹം നട്ടു പരിപാലിക്കുന്നു എന്നതു കൂടി ചേർത്തു വായിക്കുമ്പോൾ മാത്രമേ ജഗേഷ് കുമാർ എന്ന യുവ കർഷകന്റെ സ്ഥിരോത്സാഹവും കൃഷിയോടുള്ള അർപ്പണ മനോഭാവവും വ്യക്തമാവുകയുള്ളൂ.

ഇടവിള കൃഷിയിൽ നിന്നു മാത്രം 6000 രൂപയോളം വാർഷിക വരുമാനം നേടുന്ന ഈ ചെറിയ പുരയിടം അദ്ദേഹത്തിന് നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ നിർമാണം ഇന്ന് വർഷം തോറും 6 ലക്ഷത്തിനു മേൽ വരുമാനം നേടിക്കൊടുക്കുന്ന ജീവതോപാധിയാണ്. വർഷങ്ങൾ നീണ്ട കാർഷിക പാരമ്പര്യമൊന്നും അവകാശപ്പെടാൻ ഇല്ലാതിരുന്നിട്ടും കേവലം 20 സെന്റിൽ താഴെ കൃഷിയിടത്തിൽ ഈ കർഷകൻ നമുക്ക് തരുന്ന മാതൃക അനേകം യുവ സംരംഭകർക്ക് പ്രചോദനം നൽകുന്നു.

ലഭ്യമായ കാർഷിക വിഭവങ്ങൾ മാത്രം ഉപയോഗിച്ചു കൊണ്ട് നാളികേരാധിഷ്ഠിത സംരംഭകത്വത്തിലൂടെയും, സംയോജിത കൃഷിയിലൂടെയും തന്റെ പുരയിടത്തിലെ കാർഷിക വരുമാനം ഇരട്ടിയാക്കി മാറ്റിയിരിക്കുകയാണിന്ന് ഇദ്ദേഹം. കേന്ദ്ര സർക്കാരിന്റെ കാർഷിക പദ്ധതികൾ വഴി ലഭിച്ച വായ്പ മികച്ച സംരംഭത്തിൽ നിക്ഷേപിക്കുകയും ശാസ്ത്രീയമായി അത് നടപ്പിലാക്കുകയും ചെയ്തു എന്നതാണ് ജഗേഷ്കുമാറിന്റെ വിജയരഹസ്യം.

കാർഷിക മേഖലയിൽ പുതു പരീക്ഷണങ്ങൾ നടത്തുന്നവർക്കും, കാർഷിക പ്രേമികൾക്കും, വെളിച്ചം നൽകുന്ന അനുകരണീയ പ്രവർത്തനങ്ങളുമായി മുന്നേറുന്ന ജഗേഷ് കുമാറിന് എന്നും കൂട്ടായ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിനും ഏറെ അഭിമാനം നൽകുന്ന വിജയഗാഥയാണ് പത്തിയൂരിന്റെ പത്തരമാറ്റുള്ള മണ്ണിൽ ഇദ്ദേഹം കാണിച്ചു തരുന്നത്. *ഫോൺ : 9495087242* ■

# തൂൾ തേങ്ങയുടെ ഇറക്കുമതിയിൽ നിയന്ത്രണം

ഡിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി

**കേന്ദ്ര മന്ത്രാലയത്തിന്റെ തീരുമാനം ഗുണകരമാകുന്നത് രാജ്യത്തെ തൂൾ തേങ്ങാ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിനു സംരംഭകർക്കും തൊഴിലാളികൾക്കും നാളികേര കൃഷിയെ ആശ്രയിച്ച് ഉപജീവിക്കുന്ന നാമമാത്ര ചെറുകിട നാളികേര കൃഷിക്കാർക്കും.**

തൂൾ തേങ്ങയുടെ ഇറക്കുമതി നയം കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം ഭേദഗതി ചെയ്തു. നിലവിൽ തൂൾ തേങ്ങയുടെ ഇറക്കുമതിക്ക് തീരുവ ഇല്ലായിരുന്നു. ഭേദ ഗതി പ്രകാരം സൗജന്യ ഇറക്കുമതിക്കു നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ കോസ്റ്റ് – ഇൻഷുറൻസ്– കടത്തുകൂലി മൂല്യം കിലോഗ്രാമിന് 150 രൂപയിൽ കൂടുതലാണെങ്കിൽ ഇപ്പോഴും തീരുവ ഇല്ലാതെ തൂൾതേങ്ങ ഇറക്കുമതി ചെയ്യാവുന്നതാണ് എന്നു നയ ഭേദഗതി വ്യവസ്ഥയിൽ പറയുന്നു. മൂല്യം അതിനും താഴെയാണെങ്കിൽ ഇറക്കുമതി പാടില്ല എന്നതാണ് പുതിയ വ്യവസ്ഥ.

തീരുവ ഇല്ലാതെയുള്ള തൂൾ തേങ്ങ ഇറക്കുമതി മൂലം രാജ്യത്തെ തൂൾ തേങ്ങാ നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നാളികേര വികസന ബോർഡ് 2019 ഏപ്രിൽ മുതൽ വിദേശ വാണിജ്യ മന്ത്രാലയത്തിനും കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിനും നിരന്തരമായി കത്തുകൾ നൽകിയിരുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ ഭേദഗതി വന്നിരിക്കുന്നത്.

ആഗോളതലത്തിൽ തൂൾ തേങ്ങ അഥവാ ഡെസിക്കേറ്റഡ് കോക്കനട്ട് ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ മുന്നിലാണ് ഇന്ത്യ. ഒരു ലക്ഷത്തിലധികം സംരംഭകരാണ് രാജ്യത്തെ പ്രധാന നാളികേര മൂല്യ വർദ്ധിത ഉത്പ്പന്നമായ ഈ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നത്. മധുര പലഹാരങ്ങൾ, ബിസ്ക്കറ്റുകൾ, കറി ഉത്പ്പന്നങ്ങൾ, തുടങ്ങി അനേകം വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ് തൂൾതേങ്ങ. ഇന്ത്യയിൽ ഡെസിക്കേറ്റഡ് പൗഡർ നിർമ്മിക്കുന്ന 150 ൽ അധികം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രധാനമായും കർണാടക, തമിഴ്നാട്, കേരളം എന്നീ തെക്കൻ സംസ്ഥാനങ്ങളിലാണ് ഇവ വ്യാപകമായും സ്ഥിതിചെയ്യുന്നത്. ഇന്ത്യൻ നാളികേര മേഖലയിൽ വെളിച്ചെണ്ണ ഉത്പാദനം കഴിഞ്ഞാൽ ഏറ്റവും വലിയ വ്യവസായമാണ് തൂൾ തേങ്ങ നിർമ്മാണം. രാജ്യത്ത് തൂൾ തേങ്ങാ സംസ്കരണ യൂണിറ്റുകൾ നവീകരിച്ച ശേഷം ഈ വ്യവസായം നല്ല വളർച്ച രേഖപ്പെടുത്തിയിരുന്നു.എന്നാൽ ആഭ്യന്തര വിപണിയിൽ നാളികേരത്തിന്റെ ഉയർന്ന വിലയും വിദേശങ്ങളിൽ നിന്നുള്ള തൂൾതേങ്ങയുടെ അനിയന്ത്രിതമായ ഇറക്കുമതിയും ഇന്ത്യയിലെ ഈ വ്യവസായത്തെ സ്തംഭനാവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്.

അയൽ രാജ്യമായ ശ്രീലങ്കയിൽ നിന്ന് വൻ തോതിൽ തൂൾ തേങ്ങ എല്ലാ തുറമുഖങ്ങൾ വഴിയും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. വളരെ താഴ്ന്ന നിരക്കിൽ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ വ്യാജപേരുകളിലാണ് രാജ്യത്തേയ്ക്ക്



തൂൾ തേങ്ങ ഇറക്കുമതി നടന്നത്. ഇപ്രകാരം ഇറക്കുമതി ചെയ്യുന്ന ഉത്പ്പന്നങ്ങൾ ഇവിടെ ഉത്പാദിപ്പിക്കുന്ന നിലവാരമുള്ള ഡെസിക്കേറ്റഡ് പൗഡറുമായി കലർത്തി, നിലവാര ച്യുതി വരുത്തി വിപണികളിൽ വിറ്റഴിക്കുന്നത്, മികച്ച നിലവാരത്തിൽ ഉത്പ്പന്നം നിർമ്മിക്കുന്ന ഇന്ത്യയിലെ വ്യവസായികളുടെ വിശ്വാസ്യത തകർത്തിരിക്കുന്നു. അനിയന്ത്രിതമായ ഈ ഇറക്കുമതി രാജ്യത്തെ തൂൾ തേങ്ങായുടെ വിപണി വിലയെയും വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മാത്രവുമല്ല, ഇന്ത്യയിലെ ലക്ഷക്കണക്കിനു ചെറുകിട നാമമാത്ര നാളികേര കൃഷിക്കാരുടെ ഉപജീവനം കൂടി ഇതുമൂലം പ്രതിസന്ധി നേരിടുന്നു.

ഇനിയും തൂൾ തേങ്ങയുടെ ഇത്തരത്തിലുള്ള ഇറക്കുമതി നയം തുടർന്നാൽ രാജ്യത്തെ തൂൾ തേങ്ങ വ്യവസായം തകരുമെന്നും ഈ രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളെ തൊഴിൽ രഹിതരാക്കുമെന്നും, നാളികേര മേഖലയുടെ തന്നെ പ്രതിസന്ധിക്കു കാരണമാകുമെന്നും നാളികേര വികസന ബോർഡ് കത്തിൽ കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിച്ചിരുന്നു. ഇതെ തുടർന്നാണ് മന്ത്രാലയം തൂൾ തേങ്ങയുടെ ഇറക്കുമതി നയം പരിഷ്കരിച്ചത്.

ഇതോടൊപ്പം രാജ്യത്തേയ്ക്ക് സംസ്കരിച്ച പാമൊലീന്റെയും പാം ഓയിലിന്റെയും തീരുവ ഇല്ലാത്ത ഇറക്കുമതിയും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം നിയന്ത്രിച്ചിട്ടുണ്ട്. ■

# നാളികേരത്തിന്റെ സുവർണ നാരുകളിൽ ആഭരണ തിളക്കം



**മസൂദ് പി*, ഷമീന ബീഗം പി പി.**
*സിഡിബി, ലക്ഷദ്വീപ്, സിപിസിആർഐ, കാസർഗോഡ്.

ആദ്യ കാഴ്ച്ചയിൽ ആരും വിശ്വസിച്ചു പോകും സ്വർണമെന്ന്. പക്ഷെ, ചകിരിനാരിൽ നിർമ്മിതമാണ് ഈ ആഭരണങ്ങൾ. ലക്ഷദ്വീപിലെ ആന്ത്രോത്ത് ദ്വീപിൽ പ്രവർത്തിക്കുന്ന കൊയർ ക്ലസ്റ്റിനു കീഴിലുള്ള കയർ ആഭരണ നിർമാണ സംരംഭകരാണ് ഇവയുടെ നിർമ്മാതാക്കൾ.

നാളികേരം കൊണ്ടു സമൃദ്ധമാണ് ലക്ഷദ്വീപ സമൂഹം. നാളികേരം ലക്ഷദ്വീപിലെ ജനങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക ജീവിതവുമായി ഇഴചേർന്നു കിടക്കുന്നു. തെങ്ങുകൃഷി, ഉത്പാദനം, കൊപ്രവിപണനം എന്നിവയുമായി ബന്ധപ്പെട്ടാണ് ദ്വീപിലെ തൊഴിൽ മേഖല പോലും പ്രവർത്തിക്കുന്നത്.

ഒരു കാലത്ത് ദ്വീപിലെ വീടുകളിൽ ഇന്ധനമായി പൊതുവെ ഉപയോഗിച്ചിരുന്നത് നാളികേരത്തന്റെ ഉപോത്പ്പന്നമായ ചകിരിയാണ്. ഇതു ഇപ്പോൾ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ചകരിനാര് ഫാക്ടറികളിൽ എത്തിച്ച് സംസ്കരിച്ച് നാര്, കയർ, ചവിട്ടികൾ തുടങ്ങിയ മൂല്യ വർധിത ഉത്പ്പന്നങ്ങളാക്കുകയാണ് ചെയ്യുന്നത്. നിലവിൽ അഞ്ച് ചകിരിനാര് ഫാക്ടറികൾ, അഞ്ച് ഉത്പാദന പ്രദർശന യൂണിറ്റുകൾ, നാര് പിരിക്കുന്ന ഏഴ് യൂണിറ്റുകൾ എന്നിവ വിവിധ ദ്വീപുകളിലായി പ്രവർത്തിക്കുന്നു.

ആന്ത്രോത്തിൽ പ്രവർത്തിക്കുന്ന ചകിരി നാര് ഉത്പാദന പ്രദർശന യൂണിറ്റിൽ 12 തൊഴിലാളികൾ ഉണ്ട്. ആറ് തറികളിൽ 11 സ്ത്രീകളും ഒരു പുരുഷനും ജോലി ചെയ്യുന്നു. കയർ കേന്ദ്രത്തിന്റെ തുടർച്ച എന്ന നിലയിൽ ഒരു കയർ ആഭരണ നിർമ്മാണ കേന്ദ്രവും 2009 മുതൽ ഇവിടെ പ്രവർത്തിച്ചു വരുന്നു. സെയ്ദ് മുഹമ്മദ് എന്ന സംരംഭകനാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. കയർബോർഡിന്റെ കീഴിൽ കലവൂരിൽ പ്രവർത്തിക്കുന്ന നാഷണൽ കൊയർ ട്രെയിനിംങ് ആൻഡ് ഡിസൈൻ സെന്ററിൽ അഞ്ച് സ്ത്രീകൾക്കാണ് തുടക്കത്തിൽ ചകിരി നാര് ഉപയോഗിച്ചുള്ള ആഭരണ നിർമ്മാണത്തിൽ പരിശീലനം നല്കിയത്. അതു മുതൽ ചകിരിനാര് ഉപയോഗിച്ച് ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ദ്വീപ് വിജയകരമായി മുന്നേറുകയാണ്.

2016 മുതൽ ഈ മാസ്റ്റർ ട്രെയിനകൾ തെരഞ്ഞെടുക്കപ്പെട്ട വനിതാ സംരംഭകർക്ക് ചകിരിനാര് ആഭരണ നിർമ്മാണ പരിശീലനം നല്കുന്നുണ്ട്. ഇപ്പോൾ 40 പേരാണ് രണ്ടു ഷിഫ്റ്റുകളിലായി പരിശീലനം നേടുന്നത്. പരിശീലനം പൂർത്തിയാക്കിയ വനിതകൾ ചകിരി നാര് ഉപയോഗിച്ച് വളരെ ആകർഷകമായ ആഭരണങ്ങൾ നിർമ്മിച്ചു വരുന്നു. കമ്മലുകൾ, നെക്ലേസ്, മോതിരങ്ങൾ, മാലകൾ, വളകൾ തുടങ്ങി എല്ലാ തരം ആഭരണങ്ങളും ഇവർ നിർമ്മിക്കുന്നു.

ആദ്യഘട്ടത്തിൽ ചകിരി നാരിന്റെ കണ്ണികളാണ് നിർമ്മിക്കുക. ഒരു കണ്ണി നിർമ്മിക്കാൻ പത്തു മിനിറ്റ് വേണ്ടിവരും. നീളമുള്ള ചെയിൻ നിർമ്മിക്കുന്നതിന് ഇത്തരം 200 കണ്ണികൾ എങ്കിലും വേണം. ഈ ഉത്പ്പന്നം നിർമ്മിക്കുന്നതിന് ചിട്ടയായ പരിശീലനവും നല്ല ക്ഷമയും സാമർത്ഥ്യവും കൂടി വേണം.



## വെല്ലുവിളികൾ

വിവിധ വെല്ലുവിളികളാണ് ഈ മേഖല അഭിമുഖീകരിക്കുന്നത്.  ഈ തരം ആഭരണങ്ങളെ കുറിച്ച് പൊതു ജനങ്ങൾക്കിടയിൽ വേണ്ടത്ര അവബോധം ഇല്ല എന്നതു തന്നെയാണ് മുഖ്യം. അടുത്തത് ഈ ആഭരണ നിർമ്മാണ യൂണിറ്റ് സ്ഥിതി ചെയ്യുന്നത് ഒട്ടും അനുയോജ്യമല്ലാത്ത പരിസരത്താണ് എന്ന തത്രെ. അതായത് മത്സ്യ ചന്തയ്ക്കു സമീപം. ഈ ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണി കണ്ടെത്താൻ ഇനിയും സാധിച്ചിട്ടില്ല എന്നത് മറ്റൊരു പോരായ്മയാണ്. ഇതിന്റെ പായ്ക്കിംങ് അനാകർഷകവും  ഭംഗിയില്ലാത്തതുമാണ്. ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഈ സംരംഭകരെ സഹായിക്കാൻ ഉചിതമായ പദ്ധതികളും ഇല്ല. വളരെ മുന്തിയ ആഭരണങ്ങൾക്കു പോലും വില വളരെ കുറവാണ്. ഈ സാഹചര്യങ്ങൾ മാറണം.





## നയങ്ങൾ

ചകിരി നാര് ഉപയോഗിച്ച് ആഭരണങ്ങൾ നിർമ്മിക്കുന്ന ദ്വീപിലെ ഈ വനിതകളെ അംഗങ്ങളാക്കി വനിതാ സ്വാശ്രയ സംഘം രൂപീകരിക്കുന്നതിനുള്ള അടിയന്തര ഇടപെടലുകൾ ആവശ്യമാണ്. ഇവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വില്ക്കുന്നതിമുള്ള പിന്തുണയും സഹായവും കൂടി ഇവർക്കു ലഭ്യമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് അനേകം വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന ദ്വീപിൽ തന്നെ.

കല്ല്, നൂല് തുടങ്ങിയവ ഉപയോഗിച്ച് പരമ്പരാഗതമായി നിർമ്മിക്കുന്ന മറ്റ് ആഭരണങ്ങൾ പോലെ തന്നെ കയർ ആഭരണങ്ങൾക്കും പേരും പെരുമയും ലഭിക്കും. കയർ ഫാക്ടറിയുടെ ഭാഗമായി ഒരു ആഭരണ നിർമ്മാണ കേന്ദ്രം കൂടി ആരംഭിക്കേണ്ടതും  അതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ധനസഹായം ലഭ്യമാക്കേണ്ടതുമാണ്. *ഫോൺ: 9496898780*













# ബോർഡോ മിശ്രിതത്തിന്റെ കഥ

**ശിവകുമാർ ടി**
കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ

വിളകൾക്കുണ്ടാകുന്ന വിവിധ രോഗങ്ങൾക്കെതിരെ വളരെയേറെ വർഷങ്ങളായി കർഷകർ ഉപയോഗിച്ചു വരുന്ന ഫലപ്രദമായ കുമിൾ നാശിനിയാണ് ബോർഡോ മിശ്രിതം. തെങ്ങിലെ ഓല ചീയൽ, കൂമ്പു ചീയൽ, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾക്കെതിരെയും ഈ മിശ്രിതം തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. കണ്ടെത്തി, പ്രയോഗത്തിലാക്കിയിട്ട് ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ടിലധികമായെങ്കിലും ഇന്നും സസ്യ രോഗങ്ങൾ തടയുന്നതിൽ ബോർഡോ മിശ്രിതത്തിന്റെ പങ്ക് ചെറുതല്ല. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ മിക്കവയും ആകസ്മികമോ, അത് കണ്ടെത്തുന്ന പ്രഗത്ഭമതികളായ വ്യക്തികളുടെ ശാസ്ത്രീയ ചിന്താധാരയുടേയോ വിശകലന ബുദ്ധിയുടേയോ പരിണത ഫലമാകും. അത്തരത്തിൽ ബോർഡോ മിശ്രിതത്തിന്റെ കണ്ടെത്തലിലേക്ക് നയിച്ച സാഹചര്യവും അത്യധികം നിരീക്ഷണ വിശകലന ബുദ്ധിയുള്ള ഒരു വ്യക്തിയുടെ പഠനങ്ങളാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ യൂറോപ്പിൽ, വിശിഷ്യാ ഫ്രാൻസിൽ മുന്തിരി വള്ളികളുടെ വേരിനെ ബാധിക്കുന്ന ഒരിനം മൂഞ്ഞയുടെ (ഫില്ലോക്സിന) ആക്രമണം വ്യാപകമാകുകയുണ്ടായി. തുടർന്ന് ഇതിനെ പ്രതിരോധിക്കാൻ ശേഷിയുള്ള അമേരിക്കൻ മുന്തിരി വള്ളികൾ ഫ്രാൻസിലേക്ക് ഇറക്കുമതി ചെയ്തു. വേരു മൂഞ്ഞയെ നിയന്ത്രിക്കാനായെങ്കിലും ഇറക്കുമതി ചെയ്ത മുന്തിരിവള്ളികൾ വഴിയായി ഇലകളെ ബാധിക്കുന്ന രോഗകാരിയായ കുമിൾ ഫ്രാൻസിൽ എത്തപ്പെട്ടു. മുന്തിരി ചെടികളിൽ മൃദു രോമ പൂപ്പൽ (Donomy mildew) രോഗത്തിന് കാരണമായ പ്ലാസ്മോപാര വിറ്റികളോ എന്ന കുമിളാണ് ഇത്തരത്തിൽ ഫ്രാൻസിലേക്ക് ഒളിച്ചു കടന്നത്. അനുകൂല സാഹചര്യം മുതലെടുത്ത് ഈ രോഗകാരി ഫ്രാൻസിലെ മുന്തിരിത്തോപ്പുകളിൽ പടർന്നു പിടിച്ചു. മുന്തിരി കൃഷിയും അതിനെ ആശ്രയിച്ചുള്ള വൈൻ വ്യവസായവും ഫ്രാൻസിലുടനീളം തകർന്നു. രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ വരെ ഇളകുന്ന ഘട്ടമെത്തി. തൊഴിലാളികൾ മറ്റ് രാജ്യങ്ങളിലേക്ക് തൊഴിൽ തേടി കുടിയേറാൻ വരെ ആരംഭിച്ചു. ഒന്നിനു പുറകെ ഒന്നായി അശനിപാതം പോലെ മുന്തിരി കൃഷിയിൽ സംഭവിച്ച കീട - രോഗാക്രമണം കർഷകരേയും ജനങ്ങളേയും സർക്കാരിനേയും പ്രതിസന്ധിയിലാക്കി.

ഫ്രാൻസിലാകെ മുന്തിരി വള്ളികൾ കരിഞ്ഞുണങ്ങുന്ന 1882 ലെ അവസാന മാസങ്ങളിലൊന്നിൽ തന്റെ പതിവ് കാൽനട സവാരിയ്ക്കൊരുങ്ങുകയായിരുന്നു ബോർഡോ (BORDEAUX) സർവ്വകലാശാലയിലെ സസ്യ ശാസ്ത്ര വിഭാഗം പ്രൊഫസ്സറായിരുന്ന പിയറി മാരെ അലെക്സിസ് മില്ലാർഡെ (Pierre Marie Alexis Millardet) മെഡോക് (Medoc) എന്ന സ്ഥലത്തുകൂടി നടന്ന പോയ അദ്ദേഹത്തിന്റെ ശാസ്ത്ര കുതുകികളായ നേത്രങ്ങൾ സെയിന്റ് ജൂലിയൻ മുന്തിരി ഫാമിന്റെ വഴിയോരത്തെ മുന്തിരി വള്ളികളിൽ ഉടക്കി നിന്നു. രാജ്യത്ത് പ്രത്യേകിച്ച് ബോർഡോ



യിലും മെഡോക്കിലുമുള്ള മുന്തിരി വള്ളികൾ ഇലകൾ മൊത്തമായി കരിഞ്ഞുണങ്ങി നിൽക്കുന്നയവസരത്തിൽ സെയിന്റ് ജൂലിയൻ ഫാമിലെ വഴിയോര മുന്തിരിത്തലപ്പുകൾ പച്ചനിറമാർന്ന് ആരോഗ്യത്തോടെ കാണപ്പെട്ടു തന്നെയുമല്ല, അവയിൽ മുന്തിരിക്കുലകളും സമൃദ്ധമായി കാണപ്പെട്ടു. ഈ മുന്തിരി വള്ളികളുടെ സമീപത്തെത്തിയ മില്ലാർഡെ ഇലകളിൽ ഇളം നീല നിറത്തിലുള്ള ഒരു പൊടി പറ്റിയിരിക്കുന്നതായി കണ്ടു. മുന്തിരിത്തോപ്പിന്റെ നോട്ടക്കാരനായ ഏണസ്റ്റ് ഡേവിഡിനെ കണ്ടുമുട്ടുകയായിരുന്നു മില്ലാർഡെ ചെയ്ത അടുത്ത നടപടി. വഴിയരികിലെ വള്ളികളിൽ നിന്നും കുട്ടികളും മറ്റുള്ളവരും മുന്തിരികൾ പറിച്ചെടുക്കുന്നത് ഒഴിവാക്കാനായി മെഡോക്കിലെ മുന്തിരി കർഷകർ വർഷങ്ങളായി പ്രയോഗിച്ചു വന്നിരുന്ന ഒരു പൊടിക്കൈയാണ് മില്ലാർഡെയുടെ ശ്രദ്ധയാകർഷിച്ചത്. തുരിശും, ചുണ്ണാമ്പും ചേർന്ന മിശ്രിതമാണ് ഇതിനായി അവിടെ പ്രയോഗിച്ചതെന്ന് ഡേവിഡ്, മില്ലാർഡെയ്ക്ക്, വിശദീകരിച്ചു കൊടുത്തു. തന്റെ സ്വതസിദ്ധമായ ശാസ്ത്രീയ ചിന്തയിൽ നിന്നും മൃദുരോമ പൂപ്പൽ രോഗത്തെ പ്രതിരോധിക്കുന്ന എന്തോ ഒന്ന് ആ മിശ്രിതത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മില്ലാർഡെയ്ക്ക് മനസ്സിലായി. തുടർന്ന് ഡേവിഡിന്റെ സഹായത്തോടെ വിവിധ അളവുകളിൽ മില്ലാർഡെ തുരിശ് – ചുണ്ണാമ്പ് കൂട്ടുകൾ ഉണ്ടാക്കി പരീക്ഷിച്ചു. രണ്ട് വർഷത്തെ നിരന്തരമായ പരീക്ഷണങ്ങൾക്ക് ശേഷം 1885 ൽ തന്റെ പരീക്ഷണ നിരീക്ഷണ ഫലങ്ങൾ മില്ലാർഡെ പ്രസിദ്ധപ്പെടുത്തി. തുടർന്ന് ഫ്രാൻസിലുടനീളം ഈ മിശ്രിതം വ്യാപകമായി മുന്തിരി വള്ളികളിൽ പ്രയോഗിക്കുകയും രോഗത്തെ തടയുകയും ചെയ്തു. മുന്തിരി കൃഷി ചെയ്യുന്ന യൂറോപ്പിലെ മറ്റു രാജ്യങ്ങളും ഈ പാത പിന്തുടർന്നു. തകർച്ചയിലേക്കു കൂപ്പു കുത്തിയിരുന്ന ഫ്രാൻസിന്റെ സാമ്പത്തിക ഉയർത്തെഴുന്നേൽപ്പാണ് പിന്നീട് കണ്ടത്.

കണ്ടെത്തലിന്റെ ആദ്യ നാളുകളിൽ ജിറോന്ദിലെ ചെമ്പു മിശ്രിതം (Copper mixture of Gironde) എന്നറിയപ്പെട്ടിരുന്ന ഈ കുമിൾ നാശിനി മില്ലാർഡെ പരീക്ഷണങ്ങൾ നടത്തിയ സ്ഥലമായ ബോർഡോയുടെ പേരിൽ പിന്നീട് ലോകമെമ്പാടും അറിയപ്പെട്ടു തുടങ്ങി. ബോർഡോ മിശ്രിതം എന്ന പേരിൽ.

തുരിശ് (കോപ്പർ സൾഫേറ്റ്), ചുണ്ണാമ്പ് (കാത്സ്യം ഹൈഡ്രോക്സൈഡ്), വെള്ളം എന്നിവയാണ് ബോർഡോ മിശ്രിതത്തിന്റെ ചേരുവകൾ. മില്ലാർഡെയും തുടർന്നുള്ള ശാസ്ത്രകാരന്മാരും ഈ ചേരുവകൾ വിവിധ അളവിൽ സംയോജിപ്പിച്ച് പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ശരിയായ അളവിൽ ഇവ തമ്മിൽ യോജിപ്പിച്ചില്ലെങ്കിൽ മിശ്രിതം പല വിളകൾക്കും ദോഷകരമായി മാറുന്നുവെന്നും അവർ കണ്ടെത്തി. തെങ്ങിനെ ബാധിക്കുന്ന ഓലചീയൽ, കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, തഞ്ചാവൂർ വാട്ടം, കായ്പൊഴിച്ചിൽ എന്നിവയ്ക്കെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമാണ് ഉപയോഗിക്കുന്നത്. ഈ ഗാഢതയിലുള്ള 10 ലിറ്റർ മിശ്രിതം ഉണ്ടാക്കാനായി 100 ഗ്രാം തുരിശും ചുണ്ണാമ്പും വെവ്വേറെയെടുത്ത് 5 ലിറ്റർ ശുദ്ധ ജലത്തിൽ ലയിപ്പിക്കണം. തുരിശ് നന്നായി പൊടിച്ചു വെള്ളത്തിലിട്ടാൽ നന്നായി ലയിക്കും. ഈ രണ്ടു മിശ്രിതങ്ങളും ഒരുമിച്ച് മറ്റൊരു പാത്രത്തിലേക്കോ അല്ലെങ്കിൽ തുരിശ് ലായനി ചുണ്ണാമ്പു ലായനിയിലേക്കോ നന്നായി ഇളക്കി കൊണ്ട് ഒഴിക്കണം.

നല്ലതുപോലെ ഇളക്കി യോജിപ്പിച്ച മിശ്രിതം ഉപയോഗിക്കുന്നതിനു മുൻപ് ചെറു നിലവാര പരിശോധന നിർബന്ധമായും നടത്തണം. തേച്ചു മിനുക്കിയ ഒരു ഇരുമ്പു പിച്ചാത്തി, തയ്യാറാക്കിയ ലായനി യിൽ അൽപ സമയം മുക്കി പിടിക്കണം. പുറത്തെടുത്ത പിച്ചാത്തിയിൽ ചെമ്പു തരികൾ പറ്റി പിടിച്ചിട്ടില്ലെങ്കിൽ ലായനി ഉപയോഗിക്കാൻ സജ്ജമാണ്. എന്നാൽ പിച്ചാത്തിയിൽ ചെമ്പു തരികൾ കാണപ്പെട്ടാൽ അൽപാൽപ്പമായി ചുണ്ണാമ്പു ചേർത്തിളത്തി പരിശോധന ആവർത്തിക്കേണ്ടതാണ്. പിച്ചാത്തിയിൽ ചെമ്പു തരികൾ പറ്റിയിട്ടില്ലെന്നു ഉറപ്പാകും വരെ ചുണ്ണാമ്പു ചേർക്കേണ്ടതായി വരും. പിച്ചാത്തി പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ബോർഡോ മിശ്രിതം തെങ്ങിൽ തളിക്കാനായി ഉപയോഗിക്കാം.

രോഗ ചികിത്സയ്ക്ക എന്നതിലുപരി രോഗ പ്രതിരോധത്തിനാണ് ബോർഡോ മിശ്രിതം സഹായിക്കുക. മിശ്രിതത്തിൽ ലയിച്ചിരിക്കുന്ന ചെമ്പാണ് കുമിളുകളെ നശിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. കുമിൾ നാശിനി എന്നതിനു പുറമെ ബാക്ടീരിയ നാശിനിയായും ചില കീടങ്ങളെ അകറ്റി നിറുത്താനും ബോർഡോ മിശ്രിതത്തിന് കഴിവുണ്ട്. ശരിയായ രീതിയിൽ തയ്യാറാക്കുന്ന ബോർഡോ മിശ്രിതം ഇലകളിൽ നന്നായി പറ്റിയിരിക്കുകയും ചെയ്യും. ബോർഡോ മിശ്രിതം ഉണ്ടാക്കുമ്പോഴും ഉപയോഗിക്കുമ്പോഴും ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- ഉണ്ടാക്കുന്ന ദിവസം തന്നെ ബോർഡോ മിശ്രിതം ഉപയോഗിക്കണം.
- മിശ്രിതം തയ്യാറാക്കാൻ ലോഹ പാത്രങ്ങൾ ഉപയോഗിക്കരുത്. പ്ലാസ്റ്റിക്/ തടി പാത്രങ്ങളാണുത്തമം.
- ചുണ്ണാമ്പ് ലായനി തുരിശ് ലായനിയിലേക്ക് ഒഴിക്കരുത്.
- വെള്ളരി വർഗ്ഗ ചെടികളിൽ (പാവൽ, പടവലം, മത്തൻ, കുമ്പളം, കോവൽ. വെള്ളരി) ബോർഡോ മിശ്രിതം പ്രയോഗിക്കരുത്.

നിരീക്ഷണ പാടവവും ശാസ്ത്രീയ വിശകലന ധിഷണാവൈഭവവുമുണ്ടെങ്കിൽ സമൂഹത്തിന് നന്മയുണ്ടാകുന്ന ഒട്ടനവധി കാര്യങ്ങൾ കണ്ടെത്താനാകുമെന്ന് മില്ലാർഡെയുടേയും ബോർഡോ മിശ്രിതത്തിന്റേയും കഥ നമുക്ക് പറഞ്ഞു തരുന്നു. *ഫോൺ: 04792959268* ■

# വെണ്ണീറിൽ വിളഞ്ഞ വിളയും കണ്ണീരിൽ വിളഞ്ഞ വിദ്യയും നൂറുമേനി

മുരളീധരൻ തഴക്കര

കാരണവന്മാർ പണ്ടു പണ്ടേ പറഞ്ഞുവച്ച പഴമൊഴിയാണിത്. 'വെണ്ണീറിൽ വിളയുന്ന വിദ്യ' എന്നു പറയുമ്പോൾ, നാട്ടുഭാഷയിൽ പറഞ്ഞാൽ, വേണ്ടത്ര ചാരം ചേറി കൊടുത്താൽ അങ്ങനെ വളരുന്ന ഏതൊരു കാർഷിക വിളയിൽ നിന്നും നൂറുമേനി വിളവ് പ്രതീക്ഷിക്കാമെന്നാണ് ഈ പഴമൊഴി വ്യക്തമാക്കുന്നത്. അതുകൊണ്ടാണല്ലോ പണ്ട് അടുപ്പിലെ ചാരം അഥവാ വെണ്ണീറിന്റെ നല്ലൊരു പങ്കും വീട്ടുവളപ്പിലെ പാക്കു തെങ്ങിന്റെ ചുവട്ടിലിടുവാൻ കൃഷിക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നത്. നന്നായി കായ്പ്പിടിത്തമുള്ള എല്ലാ സവിശേഷഗുണങ്ങളുമുള്ള തെങ്ങാണ് പാക്കുതെങ്ങ്. ഈ തെങ്ങിലെ നാളികേരം മുഴുവൻ ശരിയായി വിളഞ്ഞ് പാകമെത്തിയാൽ താഴെ വീഴാതെ കെട്ടിയിറക്കി യഥാവിധി പാകി കിളിപ്പിച്ച് തെങ്ങിൻ തൈയുണ്ടാക്കുന്ന സമ്പ്രദായം കേരളത്തിലെ തെങ്ങുകൃഷിയിലെ പരമ്പരാഗത രീതിയായിരുന്നു. ഈ പ്രാധാന്യമുള്ളതുകൊണ്ടാകാം അടുപ്പിൽ നിന്ന് നിത്യേന കിട്ടുന്ന ചാരം അഥവാ വെണ്ണീർ നല്ല പങ്കും ഈ തെങ്ങുകൾക്കു തന്നെ നൽകി പോന്നത്.

തെങ്ങിന് മാത്രമല്ല മിക്കവാറും എല്ലാ കാർഷിക വിളകൾക്കും പൊട്ടാഷ് എന്ന മൂലകം ഏറെ പ്രധാനമാണ്. വാഴയുടെ കാര്യത്തിൽ ഇത് ഏറെ പ്രകടമാണ്. വാഴയ്ക്കും നെല്ലിനുമെല്ലാം രോഗപ്രതിരോധ ശക്തിയ്ക്കും കഠിനമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനും 'പൊട്ടാഷ്' വളരെ വളരെ പ്രധാനമാണ്. വിളഞ്ഞ് നിൽക്കുന്ന നെല്ല് ചാഞ്ഞു വീഴാതെ കരുത്തോടെ നിൽക്കുന്നതിനും പൊട്ടാഷ് നല്ല ഫലം ചെയ്യും. ഇതിനോട് ചേർത്ത് വായിക്കേണ്ട മറ്റൊരു പഴമൊഴിയും ഇവിടെ പ്രസക്തമാണ്. "ചാരം ചേറിയാൽ കേടു കുറേം, ഓരേറിയാൽ നെല്ലു കെടും". നെടുനാളത്തെ അനുഭവജ്ഞാനത്തിലൂടെ കർഷകർക്ക് ബോധ്യപ്പെട്ട കൃഷിപാഠമാണീ പഴമൊഴികൾ.

വെണ്ണീർ അഥവാ ചാരം പൊട്ടാസ്യമാണ്. ഏതൊരു കാർഷികവിളയെ സംബന്ധിച്ചും രോഗപ്രതിരോധശക്തിക്കും വിളപ്പൊലിമയ്ക്കും പൊട്ടാസ്യം കൂടിയേ തീരു. പൊട്ടാസ്യം ലഭ്യമാക്കാൻ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന മൂലകമാണ് നാം വിളകൾക്ക് വളമായി നൽകുന്നത്. സസ്യവളർച്ചക്ക് അത്യന്താപേക്ഷിതമായ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എൻ.പി.കെ എന്നാണ് നാം ഇവയെ പൊതുവായി പറയുന്നത്. തെങ്ങിന്റെ കാര്യത്തിൽ പൊട്ടാഷിന് പ്രത്യേകമായ പ്രാധാന്യമുണ്ട്. പൊട്ടാഷിന്റെ അഥവാ വെണ്ണീറിന്റെ അപര്യാപ്തത മച്ചിങ്ങാ കൊഴിച്ചിലിനും തേങ്ങ പേടാകുന്നതിനും ഓലമടലുകൾക്ക് ബലക്ഷയമുണ്ടാകുന്നതിനും ഓലയും കൂമ്പും വിരിയാതിരിക്കുന്നതിനും, സർവ്വോപരി നാളികേര ഉല്പാദനം ഗണ്യമായി കുറയുന്നതിനുമെല്ലാം കാരണമാകുന്നു. കല്പവൃക്ഷമായ തെങ്ങിനെ സംബന്ധിച്ച് വെണ്ണീർ ഏറെ പ്രാധാനം തന്നെ!

ഈ പഴമൊഴിയുടെ രണ്ടാം പാദം കണ്ണീരിൽ വിളഞ്ഞ വിദ്യയും നൂറുമേനി വിളയുന്നുമെന്നാണ്. കണ്ണീരിൽ വിളയുന്ന വിദ്യ ഏറെ ഗുണപരവും വ്യക്തിജീവിതത്തിൽ കൂടുതൽ അഭ്യുദയത്തിന് കാരണഭൂതവുമാകും. കണ്ണീരിൽ വിദ്യ വിളയുകയെന്നാൽ–ഏറെ സാമ്പത്തിക പരാധീനതകളുടെ നടുവിൽ അനുഗുണമായ യാതൊരു ഭൗതിക സാഹചര്യങ്ങളുമില്ലാതെ എല്ലാവിധ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിച്ച് വിദ്യാഭ്യാസം നേടുമ്പോൾ അങ്ങനെ സ്വായത്തമാകുന്ന വിദ്യാഭ്യാസത്തിന്റെ മൂല്യം ഒന്നു വേറെ തന്നെയാണ്. തെരുവുവിളക്കിന്റെ വെളിച്ചത്തിലും മറ്റുള്ളവരുടെ പുസ്തകം കടം വാങ്ങിയും, സ്വന്തമായി പണിയെടുത്ത് ഫീസിനുള്ള പണം തരപ്പെടുത്തിയും, ഒരേ ഒരു ജോഡി വസ്ത്രമുള്ളത് നിത്യേന കഴുകി ഉണക്കി ധരിച്ചും, പലപ്പോഴും ഉച്ചഭക്ഷണം കഴിക്കാൻ നിവർത്തിയില്ലാതെ വിശപ്പിന്റെ വിളി അവഗണിച്ചും പഠിച്ച് ഉന്നതങ്ങളിലെത്തിയവരുടെ ജീവിതാനുഭവങ്ങൾ നാം കേട്ടിട്ടുണ്ട്, വായിച്ചറിഞ്ഞിട്ടുണ്ട്. ഇങ്ങനെയെല്ലാം കഷ്ടപ്പെട്ട് വിദ്യ അഭ്യസിക്കുമ്പോഴാണ് അതായത് പഠിക്കുമ്പോഴാണ് അത് കണ്ണീരിൽ വിളഞ്ഞ വിദ്യയാകുന്നത്. നമ്മുടെ ജീവിത പരിസരങ്ങളിൽ തന്നെ ഇങ്ങനെയുള്ളവർ നിരവധിയാണ്. ഇവരിൽ പലരും ഇന്ന് ഉന്നത പദവികളും സ്ഥാനമാനങ്ങളും ഉള്ളവരാകാം. ഈ നിലയിൽ എത്തിച്ചേരാൻ കഴിഞ്ഞതിന്റെ പ്രധാന കാരണം വിദ്യ കണ്ണീരിൽ വിളഞ്ഞു എന്നതുമാണ്.

ചുരുക്കത്തിൽ കൃഷിയിലായാലും ജീവിതത്തിലായാലും ഏറ്റവും പ്രസക്തമാണ് ഈ പഴമൊഴി. ചെപ്പിലടച്ച രത്നം പോലെ പ്രശോഭിക്കുന്നതും മൂല്യവത്തുമാണ് ഈ ചൊല്ലിന്റെ പൊരുൾ പുതിയ കാലത്ത് വളരെ പ്രാധാന്യമുള്ളതാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും ബുദ്ധിമുട്ടുകളും ഏറെയുണ്ടെങ്കിലും അതൊന്നും തങ്ങളുടെ കുഞ്ഞുങ്ങളെ അറിയിക്കാതിരിക്കാനാണ് ഇപ്പോൾ മാതാപിതാക്കൾ ശ്രമിക്കുക. "ഞാനൊരുപാട് കഷ്ടപ്പാടും ബുദ്ധിമുട്ടും അനുഭവിച്ചാണ് പഠിച്ചത്. എന്റെ കുഞ്ഞുങ്ങളെ ഒരു പ്രയാസവുമറിയിക്കാതെയാണ് ഞാൻ വളർത്തുന്നത്." മിക്ക മാതാപിതാക്കളും ഇങ്ങനെ പറയാറുണ്ട്.

കുഞ്ഞുങ്ങൾക്ക് വേണ്ടതും വേണ്ടാത്തതുമെല്ലാം അവർ ആവശ്യപ്പെടുന്നതിനു മുമ്പേ കടം വാങ്ങിയിട്ടാണെങ്കിലും വാങ്ങി കൊടുക്കുന്ന രീതി ഇന്ന് സാർവ്വത്രികമാണ്. ഓരോരോ കാര്യങ്ങൾക്കായി പണം ആവശ്യപ്പെടുമ്പോഴെല്ലാം യഥേഷ്ടം നൽകുന്ന എ.ടി.എം. മെഷിനായി മാതാപിതാക്കൾ മാറുന്ന അവസ്ഥ! യാതൊരുവിധ അല്ലലുമറിയാതെ സുഖലോലുപരായി അദ്ധ്വാനത്തോടു പുറം തിരിഞ്ഞു നിൽക്കുന്നവരായി പുതിയ തലമുറ മാറുന്നതിന്റെ കാരണവും ചൊട്ടയിലെ ഈ ശീലം തന്നെയാണ്. അറിഞ്ഞോ അറിയാതെയോ നമ്മുടെ കുഞ്ഞുങ്ങളെ വേണ്ടതിലേറെ ലാളിച്ചും സ്നേഹിച്ചും വഷളാക്കുകയാണ് നാം ചെയ്യുന്നത്. യഥാർത്ഥത്തിൽ കുഞ്ഞുങ്ങളോട് വാത്സല്യമാണ് വേണ്ടത്, സ്നേഹത്തോടും ലാളനയോടുമൊപ്പം കൃത്യമായ അനുപാതത്തിൽ 'കരുതൽ' കൂടി ചേരുമ്പോഴാണ് അത് വാത്സല്യമായി മാറുന്നത്.

ഇതു പഴമൊഴിയല്ല എക്കാലത്തും ജീവിതഗന്ധിയായ പുതുമൊഴി തന്നെയാണ്. വർത്തമാനകാല ജീവിതത്തിന് നേരെ പിടിച്ച കണ്ണാടിയാണ് ഈ പഴഞ്ചൊല്ല്.

*ഫോൺ:9447220197*

# ലക്ഷദ്വീപിന്റെ സ്വന്തം നാളികേര നാട്ടറിവുകൾ

ഷമീന ബീഗം പി.പി., ഷംസുദ്ദീൻ കെ., തമ്പാൻ സി, മസൂദ് പി*
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്, *സി.ഡി.ബി. ലക്ഷദ്വീപ്

അറബിക്കടലിൽ സ്ഥിതി ചെയ്യുന്ന ലക്ഷദ്വീപ് തെങ്ങുകൃഷിക്ക് ഏറെ പേരുകേട്ടതാണ്. നാളികേര കൃഷിയും അതിൽ നിന്നുള്ള കൊപ്ര ഉത്പാദനവും വിപണനവുമാണ് ഇവിടുത്തെ പ്രധാന ഉപജീവനമാർഗ്ഗം. ദ്വീപുകളിലെ തെങ്ങുകൾ നല്ല കായ്ഫലമുള്ളതും എണ്ണയുടെ അളവ് കൂടുതലുള്ളതുമാണ്. കടലിന്റെ സാമീപ്യം, ഉപ്പ് കാറ്റ്, അമ്ലത്വം കൂടുതലുള്ള മണ്ണ് തുടങ്ങിയ അനുകൂല സാഹചര്യങ്ങളാണ് തെങ്ങിന്റെ ആരോഗ്യത്തിന് കാരണം. തെങ്ങുകൃഷിയിൽ ഒത്തിരി നാട്ടറിവുകൾ ദ്വീപുകളിലെ പഴയ തലമുറ കാത്തു പാലിച്ചു വരുന്നു. ദ്വീപിൽ നടത്തിയ കാർഷിക സർവ്വേയുടെ ഭാഗമായി മുതിർന്ന കർഷകരുമായി നടത്തിയ സംഭാഷണങ്ങൾക്കിടയിൽ അവർ പറഞ്ഞ കാര്യങ്ങളിലൂടെ, അറിയാൻ കഴിഞ്ഞ അത്തരം നാട്ടറിവുകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

**ദ്വീപിലെ തെങ്ങിനങ്ങൾ :**

ചെങ്ങ, കരിങ്ങ, കയ്യത്താളി, ചെന്തെങ്ങ്, പതിനെട്ടാംപട്ടം, ചെറുക്ക, തോടോം തുടങ്ങിയവയാണ്. ഇവിടത്തെ തെങ്ങിനങ്ങളിൽ പച്ചനിറമുള്ള തെങ്ങിനങ്ങൾ ചെങ്ങയെന്നും ചുവന്ന / ഓറഞ്ച് നിറമുള്ളവ കരിങ്ങയെന്നും അറിയപ്പെടുന്നു.

> **ലക്ഷദ്വീപ് പ്രത്യേക ആവാസ വ്യവസ്ഥയാണ്. ജലസമൃദ്ധി, ഉപ്പുകാറ്റ്, രോഗ കീട ആക്രമണം ഇല്ല, രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കുന്നില്ല, തെങ്ങുകൾക്കു പ്രത്യേക പരിചരണവും ഇല്ല. മിക്കവാറും തേങ്ങകൾ പാകമാകുമ്പോൾ തനിയെ വീഴുന്നു. അവിടെ കിടന്ന് കിളിർക്കുന്നു, വളരുന്നു. ഒരു തരം ജൈവകൃഷി. അതുകൊണ്ടു തന്നെ ദ്വീപിൽ നിന്ന് ഉത്പാദിപ്പിക്കുന്ന നാളികേരത്തിനും ജൈവ മൂല്യമാണ് വിപണിയിൽ ലഭിക്കുക.**





തേങ്ങയാണെങ്കിൽ ഇടത്തരം വലിപ്പമുള്ളതുമാക്കിരിക്കും. ചെറുക്കയിനം വളരെ ചെറുതും, തോടോം വളരെ വലിപ്പയേറിയ തേങ്ങയുള്ള ഇനങ്ങളുമാണ്. ചെങ്ങയോ കരിങ്ങയോ എന്നുറപ്പിച്ച് പറയാൻ പ്രയാസമുള്ള നിറമാണ് കയ്യത്താളിയുടേത്. ചെന്തെങ്ങും പതിനെട്ടാം പട്ടയും ഇളനീരിനായുള്ള ഓറഞ്ചും പച്ചയും നിറമുള്ള കുറിയ ഇനങ്ങളാണ്. വീട്ടു വളപ്പിൽ ഔഷധ ആവശ്യത്തിനായും ഇളനീരിനായും തെങ്ങുകൾ നട്ടുവളർത്താറുണ്ട്. ദ്വീപുകളിൽ നോമ്പ് തുറയ്ക്ക് അവിഭാജ്യമായ ഒന്നാണ് ചെന്തെങ്ങിന്റെ ഇളനീർ.

### മാതൃവൃക്ഷം

വൃത്താകൃതിയിൽ തെങ്ങിൻ മണ്ടയുള്ളതും ഓലകൾ വിടർന്ന് നിൽക്കുന്നതുമായ തെങ്ങുകളും അതുപോലെ കൂടുതൽ കായ്ഫലം നൽകുന്ന തെങ്ങുകളുമാണ് മാതൃവൃക്ഷമായി എടുക്കുന്നത്.

### വിത്ത് തേങ്ങ

തെരഞ്ഞെടുത്ത മാതൃവൃക്ഷത്തിലെ ഏറ്റവും കൂടുതൽ തേങ്ങകൾ ഉള്ള കുലകളാണ് വിത്തിന് എടുക്കുക. പ്രധാനമായും തേങ്ങയുടെ വലിപ്പം അടിസ്ഥാനമാക്കിയാണ് വിത്ത് തേങ്ങയെടുക്കുന്നത്. ജനുവരി - ഫെബ്രുവരി മാസങ്ങളിൽ പാകമായ തേങ്ങാക്കുലകൾ കയർകെട്ടി തെങ്ങിൽ നിന്ന് ഇറക്കും. തേങ്ങ കുലുക്കി നോക്കി വെള്ളം ഉള്ളതെന്ന് ഉറപ്പുവരുത്തി അതിൽ വലിപ്പം ഉള്ള തേങ്ങകൾ എടുത്ത് കിണറ്റിൻ കരയിൽ തണലിൽ ഏകദേശം 20 ദിവസങ്ങളോളം കൂട്ടി ഇട്ട് അതിന്റെ ഞെട്ട് പൊഴിഞ്ഞ് വീണ് കഴിഞ്ഞാൽ അവ മുളപ്പിക്കാൻ ഉപയോഗിക്കും.





### തേങ്ങാ പാകൽ/നടീൽ

30 ഡിഗ്രി ചായ്ച് വലിയ കണ്ണ് മുകളിൽ വരത്തക്കവിധമാണ് പാകൽ. കുത്തനെ പാകിയാൽ ഇറങ്ങുന്ന വേര് ഭൂമിയിൽ എത്താൻ സമയമെടുക്കുമെന്നാണ് വിശ്വാസം. കൂടാതെ മൂന്നിൽ ഒരു ഭാഗം ഉള്ള തേങ്ങാവെള്ളം കുത്തനെ നട്ടാൽ വിത്തിൽ എളുപ്പത്തിൽ എത്തുകയുമില്ല.

### നഴ്സറി നിർമ്മാണം

കേര നഴ്സറിയെ ദ്വീപുകാർ പതിയെക്കെട്ട് എന്നാണ് വിളിക്കുന്നത്. തേങ്ങകൾ മുളച്ച് മൂന്ന് ഓലകൾ വിടർന്നാൽ അതിനെ പതിയെക്കിട്ട് ഏതാണ്ട് രണ്ടു വർഷത്തോളം വളർത്തും.

### പതിയെക്കെട്ട് നിർമ്മാണം

നീണ്ട കുഴിയെടുത്ത് അതിന് താഴെയുള്ള പാറ പൊട്ടിച്ച് (Hord pou) ഒരടി ആഴത്തിൽ വെള്ളത്തിൽ കുഴിച്ച് അതിൽ പച്ചിലകളും മണ്ണും ഇട്ട് ജലനിരപ്പിൽ നിന്നും ഏകദേശം ഒരടിയോളം ഉയർത്തി അതിന് ചുറ്റും ഒരടി വീതിയിലും ആഴത്തിലും തോട് കീറിയാണ് പതിയെക്കെട്ട് തയ്യാറാക്കുന്നത്.

പൊതുവെ ആഗസ്റ്റ് - സെപ്റ്റംബറിലാണ് തൈകൾ പതിയെക്കിടുക. ഏകദേശം രണ്ട് വർഷം പ്രായമാകുമ്പോൾ തൈകൾ പാറപൊട്ടിച്ചുണ്ടാക്കിയ കുഴികളിൽ നടുന്നു. ഇത്തരം കുഴികളിൽ വെള്ളം ഉള്ളതുകൊണ്ട്, തൈകൾക്ക് ജലസേചനം നൽകേണ്ടതില്ല.



ഈർപ്പം കാരണം വേനൽക്കാലത്ത് വരെ നന ഒഴിവാക്കാം. ദ്വീപുകാർക്ക് ആടു വളർത്തുന്ന ശീലമുള്ളതിനാൽ തൈകളെ ആടുകളിൽ നിന്ന് രക്ഷിക്കാൻ വേണ്ടി ഉണങ്ങിയ തെങ്ങോലകൊണ്ട് മെടഞ്ഞ കിടുകൊണ്ടോ ചാക്കുകൊണ്ടോ തൈകളെ പൊതിഞ്ഞു കെട്ടും.







### തെങ്ങിന്റെ പരിചരണം

പണ്ടു മുതൽക്കേ ദ്വീപുകളിൽ തെങ്ങുകൾക്ക് കാര്യമായ പരിചരണമൊന്നും (വളം, വെള്ളം, തടം തുറക്കൽ മുതലായവ) കൊടുത്തിരുന്നില്ല. ഇവിടെ പരിചരണമെന്നാൽ എലിനായാട്ടും, ഓല കൊണ്ട് എലിക്കെണി വെക്കലുമായിരുന്നു. എലിയെ കെണിവച്ച് ചിരട്ടയിൽ പിടിച്ചിരുന്നു. ഇത്തരം ചിരട്ടകളെ ഇലയത്തച്ചിരട്ട എന്നായിരുന്നു വിളിച്ചിരുന്നത്. കൂടാതെ ഓല കൊണ്ട് തെങ്ങിന് ചുറ്റും കെട്ടിയും എലിശല്യം തടഞ്ഞിരുന്നു. എന്നിട്ടും, എലി ശല്യം വർദ്ധിച്ചാൽ സംഘമായി എലിനായാട്ട് നടത്തിയിരുന്നു. ലക്ഷദ്വീപിലെ എലിനായാട്ടിനെക്കുറിച്ച് പല പുസ്തകങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

ഒരു ദ്വീപിലെ പല ഭാഗത്തും ഏകദേശം ഇരുപത് പേരടങ്ങുന്ന യുവാക്കളുടെ ഗ്രൂപ്പുണ്ടാകും. അതിൽ കുറച്ചു പേർ തെങ്ങിൽ കയറി എലിയെക്കണ്ടാൽ ഇലിയം എന്ന് ഉറക്കെ വിളിക്കും അതു കേട്ടയുടനെ താഴെ നിൽക്കുന്നവർ തെങ്ങിൻ മണ്ടയിൽ താഴേക്ക് വരുന്ന എലികളെ വടികൊണ്ട് അടിച്ച് കൊല്ലും.

നാളികേരവും അതിന്റെ കൃഷിയും സംസ്കരണവുമായി ബന്ധപ്പെട്ട ഇത്തരം നിവധി സംജ്ഞകളും ആചാരങ്ങളും കീഴ് വഴക്കങ്ങളും ലക്ഷദ്വീപിലെ ജനങ്ങൾക്കിടയിൽ ഇന്നും നിലനില്ക്കുന്നു. പക്ഷെ കൂടിയാൽ ഈ ഒരു തലമുറയുടെ കാലം കഴിയുന്നതോടെ ഈ പദാവലികളും പേരുകളും ഒരു പക്ഷെ ആചാരങ്ങൾ പോലും അന്യം നിന്നു പോയേക്കാം.

*ഫോൺ: 9496898780*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 രു. | 1600 രു. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 രു. | 5000 രു. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 രു. | 1000 രു. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 രു. | 1000 രു. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 രു. | 1000 രു. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 രു. | 1000 രു. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. എജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ആടലോടകവും നാഗദന്തിയും ചെങ്ങഴുനീർ കിഴങ്ങും കൃഷി ചെയ്യാം

**ബേബി ജോസഫ്**
നാഗാർജുന, തൊടുപുഴ

## ചെങ്ങഴുനീർ കിഴങ്ങ്

തെങ്ങിൻ തോപ്പിൽ ഇടവിളയായി കൃഷി ചെയ്യാവുന്ന ഔഷധ സസ്യമാണ് ഇഞ്ചിയുടെ കുടുംബാംഗമായ ചെങ്ങഴുനീർ കിഴങ്ങ്. Kaempferia Rotunda എന്ന ശാസ്ത്രീയ നാമമുള്ള ഈ കിഴങ്ങുവിള നട്ടു കഴിഞ്ഞാൽ പത്തു മാസത്തിനുള്ളിൽ വിളവെടുക്കാം. ആയുർവേദത്തിൽ ച്യവനപ്രാശമടക്കം ഒട്ടേറെ ഔഷധങ്ങളിൽ ഇതിന്റെ കിഴങ്ങ് പച്ചയായി തന്നെ ഉപയോഗിക്കുന്നു.

ഭാഗികമായ തണലിൽ വളരുന്ന ചെങ്ങഴുനീർകിഴങ്ങിന്റെ കിഴങ്ങിനൊപ്പം കാണപ്പെടുന്ന മണികളും ഔഷധ യോഗ്യമാണ്. ഇഞ്ചി മഞ്ഞൾ തുടങ്ങിയ വിളകളുടെ കൃഷി രീതി തന്നെ മതി ഇതിനും.

കാലവർഷാരംഭത്തോടെ സ്ഥലം കിളച്ചൊരുക്കി പാഴ്‌വസ്തുക്കൾ നീക്കം ചെയ്തു വാരം കോരണം. ചാണകപൊടി ഉൾപ്പെടെയുള്ള ജൈവ വളങ്ങൾ ഏക്കറിന് രണ്ടു ടൺ എന്ന കണക്കിൽ അടിസ്ഥാന വളമായി നല്കിയാൽ മികച്ച വിളവു ലഭിക്കും. വിത്താക്കി മാറ്റുന്ന കിഴങ്ങു തന്നെയാണ്

> **തെങ്ങിൻ തോപ്പുകളിൽ കൃഷി ചെയ്ത് ലാഭം നേടാൻ കഴിയുന്ന ഔഷധ സസ്യങ്ങളാണ് ചെങ്ങഴുനീർ കിഴങ്ങ്, ആടലോടകം, നാഗദന്തി എന്നിവ.**







നടീൽ വസ്തു. പാകമായ ശേഷം വിളവെടുത്ത് തണലിൽ സൂക്ഷിച്ചാൽ പുതുമഴയോടെ ധാരാളം ചെറു മുളകൾ ഉണ്ടാവും. വാരങ്ങളിൽ ആറ് ഇഞ്ച് അകലത്തിൽ ചെറിയ കുഴികൾ എടുത്ത് മുളയോടു കൂടി വിത്തു കഷണങ്ങൾ ചെറുതാക്കി മുറിച്ച് നടാം. ജൈവ വളങ്ങൾ ചേർത്ത് കുഴികൾ മൂടി നന്നായി പുതയിട്ടു കൊടുക്കണം.

തൈകൾ മുളച്ചു വരുന്ന ക്രമത്തിൽ കൃത്യമായി കളയെടുപ്പു നടത്തുകയും ഇടയ്ക്കിടെ ചാണകവെള്ളവും ചാരവും വാരങ്ങളിൽ നല്കുകയും ചെയ്താൽ മികച്ച വിളവു ലഭിക്കാൻ സഹായിക്കും.

കൂവയുടെ ആകൃതിയിലാണ് ചെങ്ങഴുനീർകിഴങ്ങിന്റെ ഇലകൾ. ഇവയുടെ അടിവശത്ത് വയലറ്റ് നിറമായിരിക്കും. വേനലാകുന്നതോടെ ഇലകൾ കരിഞ്ഞു തുടങ്ങും. അപ്പോൾ വിളവെടുക്കാം. വാരങ്ങൾ ശ്രദ്ധയോടെ ഇളക്കി കിഴങ്ങുകൾ പൊട്ടിപോകാതെ ശേഖരിക്കണം. ഒരു ഏക്കറിൽ നിന്നു സുമാർ 2500 കിലോഗ്രാം വിളവു ലഭിക്കും. കിഴങ്ങുകൾ സംസ്കരിക്കേണ്ടതില്ല. പച്ചയായി തന്നെ വിപണനം ചെയ്യാം. കിലോഗ്രാമിന് 50 മുതൽ 100 രൂപ വരെ വില ലഭിക്കും. ചെങ്ങഴുനീർകിഴങ്ങിനെ കാര്യമായ രോഗ കീടങ്ങൾ ബാധിച്ചു കാണാറില്ല. മണ്ണിലെ ജൈവാംശം വർധിപ്പിച്ച് മുഖ്യ വിളയായ തെങ്ങിനു കൂടുതൽ ആരോഗ്യത്തോടെ വളരുവാൻ ചെങ്ങഴുനീർകിഴങ്ങിന്റെ കൃഷി സഹായിക്കുന്നു.

## ആടലോടകം

ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തിൽ വൻ തോതിൽ ആവശ്യമുള്ള ഔഷധവിളയാണ് ആടലോടകം. Adhataoa beddome എന്നു ശാസ്ത്രീയ നാമമുള്ള ഈ സസ്യത്തിന്റെ എല്ലാ ഭാഗവും ഔഷധ ഗുണമുള്ളതാണ്. ചരിവുള്ള തെങ്ങിൻ പുരയിടങ്ങളിൽ മണ്ണൊലിപ്പു തടയുവാനും ആടലോടക കൃഷിയിലൂടെ സാധിക്കും. മൃഗങ്ങൾ തിന്നു നശിപ്പിക്കാത്തതിനാൽ കൃഷി ചെലവു കുറവാണ്. അതിനാൽ പുരയിടങ്ങളിൽ എവിടെയും യഥേഷ്ടം ഇതു നട്ടു വളർത്താവുന്നതാണ്.

കൃഷിക്ക് ഉദ്ദേശിക്കുന്ന സ്ഥലം കിളച്ചൊരുക്കി കാലവർഷാരംഭത്തോടെ നീളത്തിൽ വാരങ്ങൾ കോരണം. വാരങ്ങളിൽ ജൈവ വളങ്ങൾ അടിവളമായി ചേർത്തു കൊടുത്ത ശേഷം നടീൽ വസ്തുവായ തലപ്പുകൾ രണ്ടടി അകലം പാലിച്ച് നടണം. കുനയെടുത്തോ കുഴിയെടുത്തോ തലപ്പുകൾ നടാവുന്നതാണ്. വേനൽ കാലത്ത് നനച്ചു കൊടുത്താൽ കൂടുതൽ വിളവ് ലഭിക്കും.

ക്രമമായി പരിചരണ മുറകൾ അനുവർത്തിച്ചാൽ ഒന്നര വർഷമാകുമ്പോൾ വേരു സഹിതം കിളച്ച് എടുത്ത് സമൂലം വെട്ടിയറഞ്ഞ് ഉണക്കിയാണ് വിപണനം നടത്തുക. ചില ആയുർവേദ ഔഷധ ശാലകൾ പച്ചയ്ക്കു തന്നെ ഇലകൾ സഹിതവും ഉപയോഗിക്കാറുണ്ട്. ഒരേക്കറിൽ നിന്ന് മൂന്നു ടണ്ണിലധികം വിളവു കിട്ടും. ആടലോടകം ചേർന്ന മരുന്നുകൾക്ക് ശ്വാസകോശ ഗ്രന്ഥികളെ ഉത്തേജിപ്പിച്ച്, സങ്കോച വികാസ ക്ഷമത ഉയർത്തി കഫത്തെ ഇളക്കി ചുമ ശമിപ്പിക്കാനുള്ള ശേഷിയുണ്ട്. രക്തത്തിലെ പ്ലെയ്റ്റ്ലറ്റുകളുടെ എണ്ണം വർധിപ്പിക്കുവാൻ ആടലോടകത്തിനു പ്രത്യേകമായ കഴിവുണ്ട്. ആർത്തവ രക്തത്തിന്റെ അമിതമായ അളവ് കുറയ്ക്കുവാനും ഇത് ഉത്തമമാണ്. സസ്യം തന്നെ നല്ല ജൈവകീടനാശിനി ആയതിനാൽ കാര്യമായ രോഗങ്ങൾ ഇതിനെ ബാധിച്ചു കാണാറില്ല. വാശാരിഷ്ടം അടക്കമുള്ള മിക്ക ഔഷധങ്ങളിലും ആടലോടകം മുഖ്യ ചേരുവയാണ്.

## നാഗദന്തി

നാഗദന്തി കുറ്റി ചെടിയാണ്. ശാസ്ത്രീയ നാമം Balios spermum montanum എന്നാണ്. എത്ര വളക്കൂറില്ലാത്ത മണ്ണിലും നാഗദന്തി വളരും. ചെടിയുടെ തണ്ടു മുറിച്ചാണ് നടുന്നത്. ചെടിയുടെ ഇലകൾക്ക് പാമ്പിന്റെ പല്ലുകളുടെ ആകൃതിയായതിനാലാണ് നാഗദന്തി എന്ന പേര് സിദ്ധിച്ചത്. ഇലകൾക്ക് സാധാരണ 10 – 15 സെന്റിമീറ്റർ വലിപ്പമുണ്ടാവും. ഒരു ചെടിയുടെ ചുവട്ടിൽ നിന്ന് ധാരാളം ചെറിയ മുളകൾ ഉണ്ടായി രണ്ടു വർഷം കൊണ്ട് ഓരോ ചെടിയുടെയും ചുവട് കാടുപോലെയാകും.

ചെടികളുടെ വേരും തണ്ടുമാണ് ഔഷധ യോഗ്യമായ ഭാഗങ്ങൾ.രണ്ടു വർഷമാകുന്നതോടെ കൈവിരലിന്റെ വണ്ണം എത്തുന്ന തണ്ടും വേരും മൂന്ന് ഇഞ്ച് വീതം നീളത്തിൽ വെട്ടിയറഞ്ഞ് വെയിലത്ത് ഉണക്കിയാണ് വിപണിയിൽ എത്തിക്കുന്നത്. ഒരു ഏക്കറിൽ നിന്ന് 3000 കിലോഗ്രാം വിളവു ലഭിക്കും കിലോഗ്രാമിന് 100 മുതൽ 150 വരെയാണ് വില.

ദന്ത്യാരിഷ്ടമടക്കം ആയുർവേദത്തിൽ പല മരുന്നുകളിലും നാഗദന്തി ചേരുവയാണ്. ഉദര രോഗങ്ങൾക്കും കാൻസർ അടക്കമുള്ള പല മാറാ രോഗങ്ങൾക്കുമുള്ള മരുന്നുകളിലും ഇത് ഉപയോഗിക്കുന്നു. കാര്യമായ ഒരു ശുശ്രൂഷയും ഇല്ലാതെ തെങ്ങിൻ തോപ്പുകളിൽ നന്നായി വളരുന്ന നാഗദന്തി മികച്ച ഇടവിളയാണ്. *ഫോൺ: 9495508344*




*കേന്ദ്രമന്ത്രി പുരുഷോത്തം രുപാല, വൈഗയുടെ പ്രധാന വേദിയിൽ ചെടിയ്ക്ക് വെള്ളം ഒഴിയ്ക്കുന്നു.*

# മൂല്യ വർധനവിലൂടെ മാത്രമെ കൃഷിയെ ലാഭകരമാക്കാൻ സാധിക്കൂ: കേന്ദ്ര സഹമന്ത്രി പുരുഷോത്തം രുപാല

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി.**

മൂല്യ വർധനവ് ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് കാലിക പ്രസക്തിയുണ്ട് എന്നും ഇന്നത്തെ സാഹചര്യത്തിൽ കൃഷിക്ക് വലിയ പ്രാധാന്യം ഉണ്ട് എന്നും കേന്ദ്ര കൃഷി ഗ്രാമ വികസന വകുപ്പു സഹ മന്ത്രി ശ്രീ പുരുഷോത്തം രുപാല ചൂണ്ടിക്കാട്ടി. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ തേക്കിൻകാടു മൈതാനിയിൽ സംഘടിപ്പിച്ച വൈഗ കാർഷിക മേളയുടെ നാലാം എഡിഷനിൽ, സ്റ്റാർട്ടപ്പ് മിഷൻ സംരംഭങ്ങൾ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. കാർഷികോത്പാദനം വർധിക്കുമ്പോഴും കൃഷിക്കാരന് ന്യായവില ലഭിക്കാത്ത സ്ഥിതിയാണ് ഉള്ളത് . ഇതു പരിഹരിക്കാൻ ഉൽപ്പന്ന മൂല്യ വർധനവിലൂടെ മാത്രമെ സാധിക്കുകയുള്ളു എന്നും മന്ത്രി പറഞ്ഞു.

വൈഗ 2020 സ്റ്റാമ്പ്, കാർഷിക സർവകലാശാല റിപ്പോർട്ട്, എഫ്.ഐബി ഫാം ഗൈഡ്, റൈസ് ഇൻ കേരള ട്രഡീഷൻ ടെക്നോളജീസ് ആൻഡ് ഐഡന്റിറ്റിസ് പുസ്തകം എന്നിവയുടെ പ്രകാശനും കേന്ദ്ര മന്ത്രി നിർവഹിച്ചു. സംസ്ഥാന കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ, ചീഫ് വിപ്പ് കെ രാജൻ, കെ കുഞ്ഞിരാമൻ എം എൽഎ, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, കൃഷി ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, അഡീഷണൽ ചീഫ്

**കാണികളുടെ അഭൂതപൂർവ്വമായ തിരക്കും പ്രദർശന സ്റ്റാളുകളുടെ എണ്ണവും വൈവിധ്യവും കൊണ്ട് ശ്രദ്ധേയമായ കാർഷിക പ്രദർശനമായ വൈഗയുടെ നാലാം എഡിഷന്റെ റിപ്പോർട്ട്.**



*വൈഗ പ്രദർശനത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ.*

സെക്രട്ടറി ദേവോന്ദ്ര കുമാർ സിംങ്, നാളികേര വികസന ബോർഡ് മെമ്പർ മുരളീധരൻ, സമേതി ഡയറക്ടർ ജിഎസ് ഉണ്ണികൃഷ്ണൻ നായർ എന്നിവർ പങ്കെടുത്തു.

കൃഷിയറിവുകളുടെ 330 സ്റ്റാളുകൾ. അവയിലൂടെയെല്ലാം വിവിധ തരം നാളികേരം, ചക്ക, വാഴപ്പഴം, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, തേൻ തുടങ്ങി കാർഷിക മേഖലയിലെ ഏറ്റവും നൂതനങ്ങളായ സാങ്കേതിക വിദ്യകളെയും യന്ത്രസാമഗ്രികളെയും വരെ പരിചയപ്പെടുത്തുകയായിരുന്നു വൈഗ. തൃശൂരിലെ തേക്കിൻകാടു മൈതാനിയിൽ മറ്റൊരു പൂരക്കാഴ്ച്ചയുടെ തീം പവലിയൻ ഒരുക്കിയത് കൃഷി വകുപ്പും ഫാം ഇൻഫർമേഷൻ ബ്യൂറോയും ചേർന്നായിരുന്നു. കേരളത്തിന്റെ സ്വന്തം സുഗന്ധവിളകൾ, പൂക്കൾ, പഴ വർഗങ്ങൾ, എന്നിവയുടെ മൂല്യ വർധിത ഉത്പ്പന്നങ്ങൾക്കു പ്രാധാന്യം നല്കിയാണ് പവലിയൻ തയാറാക്കിയത്. സ്റ്റാളുകളിൽ എമ്പാടും കർഷകരുടെ പുതിയ രീതികൾക്കും അറിവുകൾക്കും പ്രധാന്യം നല്കിയിരുന്നു.

വിവിധ ഇനം നാളികേര ശേഖരം, അപൂർവ ഇനം പഴങ്ങൾ, ചക്കകൾ അവയുടെ ഡസനിലേറെ മൂല്യ വർധിത ഉത്പ്പന്നങ്ങൾ, പഴയതും പുതിയതുമായ കാർഷിക ഉപകരണങ്ങൾ, ലഘു യന്ത്രങ്ങൾ, മരുന്നു തളിക്കാനുള്ള ഡ്രോണുകൾ തുടങ്ങിയവ മേളയെ അവിസ്മരണീയമാക്കി. മികച്ച സ്റ്റാളുകൾക്ക് സമ്മാനങ്ങളും നല്കി. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെ ഗണത്തിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാളിനു സമ്മാനം ലഭിച്ചു.

വെളിച്ചെണ്ണയും, വിർജിൻ വെളിച്ചെണ്ണ, നീര, പായക്ക് ചെയ്ത കരിക്കിൻ വെള്ളം എന്നീ മൂല്യ വർധിത ഉൽപ്പന്നങ്ങളുമായിട്ടാണ് നാളികേര വികസന ബോർഡിന്റെ സ്റ്റാളുകളിൽ ഉപഭോക്താക്കളെ എതിരേറ്റത്. കൂടാതെ ചിരട്ടയിലും തെങ്ങിൻ തടിയിലും നിർമ്മിച്ച ഗാർഹിക ഉപകരണങ്ങളും കരകൗശല വസ്തുക്കളും സ്റ്റാളിൽ ലഭ്യമാക്കിയിരുന്നു. ബോർഡിന്റെ പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങൾ, ഇംഗ്ലീഷ് മലയാളം ജേണലുകൾ ഉൾപ്പെടെയുള്ള ബോർഡിന്റെ പ്രസിദ്ധീകരണങ്ങൾ, ലഘു ലേഖകൾ എന്നിവയും സന്ദർശകർക്ക് സ്റ്റാൾ വഴി നല്കുകയുണ്ടായി. സ്റ്റാൾ സന്ദർശിച്ച നൂറുകണക്കിന് കൃഷിക്കാർ ജേണലുകളുടെ വരിക്കാരായി. മണ്ണാർക്കാട്ടു നിന്നുള്ള ഗ്രീൻവാലി, പാലക്കാട്ടു നിന്നുള്ള സിപ് ഒ നട്ട്, പാലക്കാട് നാളികേര ഉത്പാദന കമ്പനി, വിശ്വകർമ്മ ഹാൻഡിക്രാഫ്റ്റ്സ് എന്നിവരാണ് ബോർഡിന്റെ സ്റ്റാളിൽ ഉത്പ്പന്നങ്ങളുമായി എത്തിയത്.

2020 ജനുവരി 4-ന് കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ വൈഗ അന്താരാഷ്ട്ര ശില്പശാലയ്ക്കും പ്രദർശനത്തിനും തിരിതെളിച്ചു. കൃഷിവകുപ്പ്മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീൻ എന്നിവർ പങ്കെടുത്തു. തുടർന്ന് ഗവർണർ സ്റ്റാളുകൾ സന്ദർശിച്ചു. പ്രതിപക്ഷനേതാവ് ശ്രീ. രമേഷ് ചെന്നിത്തലയായിരുന്നു രണ്ടാംദിന സെമിനാറുകളുടെ ഉദ്ഘാടനം നിർവഹിച്ചത്. അന്നേ ദിവസം വൈകുന്നേരം കേന്ദ്രകൃഷി സഹമന്ത്രി പുരുഷോത്തം രുപാല സ്റ്റാർട്ട്അപ്പ് സെമിനാറുകളുടെ ഉദ്ഘാടനവും നിർവഹിച്ചു. വ്യത്യസ്തമായ അനുഭവമായാണ് കേന്ദ്രമന്ത്രി വൈഗയെ വിശേഷിപ്പിച്ചത്.

2017 ൽ ഏറ്റവും നല്ല ആദിവാസി ഊരിന് സംസ്ഥാന സർക്കാർ അവാർഡും 2018 ൽ പ്ലാന്റ് ജീനോം സേവിയർ അവാർഡും നേടിയ തായണ്ണൻകുടി ഊര് നിവാസികൾ അവരുടെ ഉൽപ്പന്നങ്ങളുമായി വൈഗ യിലുണ്ടായിരുന്നു. കൂടാതെ മേവാരി, കോഴിമല ഊരുകളിലെ ആദിവാസികളും അവരുടെ ഉൽപ്പന്നങ്ങളുമായി പ്രത്യേക പവലിയനും സംഘടിപ്പിച്ചിരുന്നു.

ഊരുകൂട്ടം പ്രദർശനസ്റ്റാളുകളിൽ ആദിവാസി ഊരുകളിലെ പരമ്പരാഗത കൃഷിയിൽ ഉപയോഗിച്ചു വന്നിരുന്ന ഉപകരണങ്ങളുടെയും പാത്രങ്ങളുടെയും പ്രദർശനമൊരുക്കിയിരുന്നത്, ഗോത്രസ്മൃതി എന്ന വയനാട് പ്രിൻസിപ്പൽ കൃഷിഓഫീസിന്റെ സ്റ്റാളാണ്

അട്ടപ്പാടിയുടെ മനോഹാരിത കൃഷിയിലേക്കും കർഷകരിലേക്കും തിരികെ എത്തിക്കുകയും ജൈവവൈവിധ്യ സമ്പന്നമായ അട്ടപ്പാടിയെ കേരളത്തിന്റെ ചെറുധാന്യത്തിന്റെ കലവറ എന്ന നിലയിലേക്കും ആദിവാസിവിഭാഗത്തെ സ്വയം പര്യാപ്തതയിലേക്കും കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മില്ലറ്റ്വില്ലേജ് പദ്ധതിയുടെ സ്റ്റാൾ വൈഗ 2020 പ്രദർശന നഗരിയിൽ വേറിട്ട അനുഭവമൊരുക്കി.

നെല്ലറയുടെയും കരിമ്പനയുടെയും നാടായ പാലക്കാട്ജില്ല വൈഗ 2020 പ്രദർശന നഗരിയിലെത്തിയത് വൈവിധ്യങ്ങളായ ആശയങ്ങളുമായാണ്. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന ജീവനി പദ്ധതിയുടെ അടിസ്ഥാനത്തിൽ 34 തരം ചെറുഫലവർഗ്ഗങ്ങളുടെയും മുളപ്പിച്ച പയർവർഗ്ഗങ്ങളുടെയും വീട്ടുവളപ്പിൽ നാം തിരിച്ചറിയാതെ പോകുന്ന ഔഷധ സസ്യങ്ങളുടെയും പ്രദർശനം പാലക്കാടിന്റെ സ്റ്റാളിൽ ഉണ്ടായിരുന്നു.




*വൈഗ പ്രദർശനത്തിൽ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ*

കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെയും കേരള കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കാർഷിക യന്ത്രവത്ക്കരണ ഉപപദ്ധതി. വൈഗ 2020 നോട് അനുബന്ധിച്ച് കാർഷിക യന്ത്രങ്ങളുടെ പ്രത്യേക പവലിയൻ തന്നെ വേദിയിൽ സജ്ജമാക്കിയിരുന്നു. പതിനെട്ട് സ്റ്റാളുകളിലായി മഹിന്ദ്ര, കാംകോ, റെയ്ഡ്കോ, ഹസ്കുവർണ, സ്റ്റിൽ തുടങ്ങിയ കമ്പനികളുടെ ഡീലർമാർ വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം ഒരുക്കിയിരുന്നു.

നാളികേരം, വാഴ, ചക്ക, ചെറുഫലങ്ങൾ, പച്ചക്കറി, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, കൊക്കോ, ഔഷധസസ്യങ്ങൾ എന്നിവയും അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുമാണ് 34 സ്റ്റാളുകളിലായി കേരള കാർഷികസർവ്വകലാശാല വൈഗ 2020 പ്രദർശന പവലിയനിൽസജ്ജീകരിച്ചത്.

ഇരുപതോളം കാർഷികോത്പാദക കമ്പനികളുടെ സ്റ്റാളുകളാണ് നബാർഡ് പവലിയനിൽ സജ്ജമാക്കിയിരുന്നത്.



*വൈഗ പ്രദർശനത്തിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാളുകൾ*

സുസ്ഥിര ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, തൃശ്ശൂർ പാഡി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, നീലൂർ പ്രൊഡ്യൂസർ കമ്പനി, മയ്യിൽറൈസ് പ്രൊഡ്യൂസർ കമ്പനി, പാലക്കാട് സമ്മിശ്ര കർഷക പ്രൊഡ്യൂസർ കമ്പനി, ചെറുതാഴം, കുരുമുളക് ഉൽപ്പാദകകമ്പനി, അന്നമനട കാർഷികഉൽപ്പാദക കമ്പനി, പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, വയനാട് നാച്ചുറൽ ആൻഡ് ഹോളിസ്റ്റിക് ഫാർമർ പ്രൊഡ്യൂസർ കമ്പനി, വയനാട് അഗ്രികൾച്ചർ&സ്പൈസസ് പ്രൊഡ്യൂസർ കമ്പനി, വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, വയനാട് ഗ്രീൻ ടീ വേവിൻ, പാണഞ്ചേരി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, ഗ്രാമലക്ഷ്മി മാർക്കറ്റിംഗ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, മറയൂർ ടോക്സിൻ ഫ്രീ ഫുഡ് പ്രൊഡ്യൂസർ കമ്പനി എന്നിവ ഇതിൽ ഉൾപ്പെട്ടിരുന്നു. കൂടാതെ IISR – Indian Institute of Spice Research, CTCRI – Central Tuber Crops Research Institute, CPCRI – Central Plantation Crops Research Institute, Coffee Board, Indian Institute of Oil Palm Research എന്നിവർ അവരുടെ പ്രത്യേക പവലിയനും വേദിയിൽ ഒരുക്കിയിരുന്നു.

ഏഴിനം ആപ്പിളുകൾ, പീയർ, ഒലിവ്, ആപ്രികോട്ട്, വാൽനട്ട്, ആൽമണ്ട്, ഹേസൽനട്ട്, ആപ്പിളിന്റെ മൂല്യവർധിത ഉൽപ്പന്നമായ ആപ്പിൾ കോൺസൻട്രേറ്റ് എന്നിവ കാഷ്മീരിന്റെ സ്റ്റാളിലെ പ്രധാന ആകർഷകങ്ങളായിരുന്നു.

സുഗന്ധവിളകളുടെയും തേങ്ങയുടെയും വിവിധ ജൈവ ഉൽപ്പന്നങ്ങളുടെ പ്രദർശനവുമായാണ് ആൻഡമാൻ–നിക്കോബാർ ദ്വീപുകാർ എത്തിയത്.

വിവിധ വിഷയങ്ങളെ ആസ്പദമാക്കിയാണ് ശില്പശാല സംഘടിപ്പിച്ചത്. നാളികേരം, നെല്ല്, മൈനർ ഫ്രൂട്ട്സ് എന്നിവയുടെ മൂല്യ വർദ്ധിത സാധ്യതകളായിരുന്നു 2016–ൽ തിരുവനന്തപുരത്ത് നടന്ന ആദ്യശില്പശാലയുടെ മുഖ്യവിഷയങ്ങൾ. 2017–ൽ തൃശൂർ കാർഷികസർവ്വകലാശാലയിൽ നടന്ന വൈഗയുടെ പ്രധാനവിഷയങ്ങൾ തേൻ, ചെറുധാന്യങ്ങൾ, വാഴപ്പഴം എന്നിവയും ആയിരുന്നു. മൂന്നാമത് വൈഗ - അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും 2018 ഡിസംബർ 27 മുതൽ 30 വരെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുകയുണ്ടായി. പഴം-പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പകൃഷി എന്നിവയായിരുന്നു ആ വർഷം മുഖ്യവിഷയങ്ങൾ. 2020-ൽ ജനുവരി 4 മുതൽ 7 വരെ തൃശൂരിൽ നടന്ന വൈഗയുടെ പ്രധാന ആശയം *സുസ്ഥിര വികസനം കാർഷിക സംരംഭകത്വത്തിലൂടെ* എന്നതായിരുന്നു.

വിവിധ ശില്പശാലകളിലായി കാർഷികോത്പന്ന സംസ്ക്കരണ – മൂല്യവർദ്ധനമേഖലയിലെ വിദഗ്ദ്ധർ, സാങ്കേതികവിദ്യാദാതാക്കൾ, സംരംഭകർ, ഗവേഷകർ എന്നിവർ പങ്കെടുക്കുകയും വിളവെടുപ്പുമുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളെ കർഷകരെയും സംരംഭകരെയും പരിചയപ്പെടുത്തുകയും ചെയ്തു. കയറ്റുമതിസാധ്യതകൾ, സുരക്ഷാ മാനദണ്ഡങ്ങൾ, ലൈസൻസിംഗ്, പാക്കേജിംങ് തുടങ്ങി വിപണന ശൃംഖലയിൽ സംരംഭകർ അഭിമുഖീകരിക്കേണ്ടി വരുന്ന പല ഘട്ടങ്ങളും ശില്പശാലയിൽ വിശദമായിത്തന്നെ ചർച്ച നടത്തുകയുണ്ടായി. സംഘാടനത്തിലെ മികവുകൊണ്ടും വിഷയങ്ങളുടെ പ്രാധാന്യം കൊണ്ടും തികച്ചും വ്യത്യസ്തമായിരുന്നു വൈഗ 2020.

സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളെയും അവയിലെ ഉത്പന്ന സംസ്കരണത്തെയും ആസ്പദമാക്കിയായിരുന്നു 4 ദിവസം രണ്ടു വേദികളിലായി സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടത്. തേങ്ങയിലെ വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നീര, കോക്കനട്ട് ചിപ്സ്, കൽപ്പ ക്രഞ്ച്, തേങ്ങാപീരപ്പൊടി, ബിസ്ക്കറ്റ്, റസ്ക്, പാസ്ത എന്നിവയെകുറിച്ചും തേങ്ങായിൽ നിന്നും ഉണ്ടാക്കുന്ന മഫിൻസ്, ജെല്ലി, സ്ക്വാഷ്, വിനാഗിരി എന്നിവയെകുറിച്ചും കർഷകർക്ക് കൂടുതൽ അറിവു പകരുവാൻ സെമിനാർ സെഷനുകൾക്ക് കഴിഞ്ഞു.



നാളികേരത്തിന്റെ സവിശേഷത ലോകപ്രസിദ്ധമാണല്ലോ? പുതുതായി ഈ മേഖലയിലേയ്ക്ക് വരുന്നവർക്കു ഇതിന്റെ സാധ്യതകൾകൂടുതൽ മനസ്സിലാക്കുവാൻ സെമിനാർ ചർച്ചയിലൂടെ സാധ്യമായി.

നാളികേരത്തിൽ ഏറ്റവും കൂടുതൽ മൂല്യവർദ്ധനവ് നടത്തുന്ന രാഷ്ട്രങ്ങളാണ് ഇന്തോനേഷ്യ, മലേഷ്യ എന്നിവ. വെറുതെ കളയുന്ന തേങ്ങാവെള്ളം കൊണ്ട് വളരെയധികം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാമെന്ന് സെമിനാറുകളിൽ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. തേങ്ങാവെള്ളത്തിലെ കാത്സ്യവും, പൊട്ടാഷും പ്രഷർ കുറയ്ക്കുന്നതിന് വളരെ സഹായകമായിട്ടുള്ളതാണ്. കരിക്കുതന്നെ പലരൂപത്തിലും ആകർഷകമായ രീതിയിലും ചെത്തി മിനുക്കി പതിന്മടങ്ങ് വിലയ്ക്കു വിൽക്കുന്നവരുമുണ്ട്. തളിപ്പറമ്പിലെ കിൻഫ്ര പാർക്കിൽ സംരംഭകനായ ശ്രീ. അബ്ദുള്ള നിറമില്ലാത്ത വിനാഗിരി തേങ്ങാവെള്ളത്തിൽ നിന്നും ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നു. നാറ്റാഡി കൊക്കോ അദ്ദേഹത്തിന്റെ സ്ഥാപനത്തിൽ 8 വ്യത്യസ്ത രൂപങ്ങളിൽ ഉണ്ടാക്കുന്നുണ്ട്.

തെങ്ങിന്റെ വേരിൽ നിന്നും ഡൈ, ടൂത്ത് പേസ്റ്റ്, മൗത്ത് വാഷ് എന്നിവയും തേങ്ങാവെള്ളത്തിൽ നിന്നും നാറ്റാ ഡി കൊക്കോ, ചിരട്ടയിൽ നിന്നും ക്രവിക്കറ്റ്സ് എന്നിവയും പുറംരാജ്യങ്ങളിൽ ചെയ്യുന്നുണ്ട്. നീരയിൽ നിന്നും കോക്കനട്ട് ബ്രൗൺ ഷുഗർ നിർമ്മിക്കാവുന്നതാണ്. തേങ്ങാവെള്ളത്തിൽ നിന്നും സെല്ലുലോസ് ഉണ്ടാക്കി ഇതുകൊണ്ട് പേപ്പർ വരെ ഉണ്ടാക്കാമെന്ന പഠനവും കൗതുകമുണർത്തി.

തെങ്ങിനെ കൽപ്പവൃക്ഷമെന്ന് ഉപമിക്കുന്നതുപോലെ വാഴയേയും ഉപമിക്കാവുന്നതാണ് എന്ന അഭിപ്രായമാണ് വാഴപ്പഴ മേഖലയിലെ സാധ്യതകൾ സംബന്ധിച്ച സെമിനാറിൽ ഉരുത്തിരിഞ്ഞുവന്നത്. വാഴപ്പഴത്തിന്റെ സംസ്കരണത്തെ കുറിച്ചും, മൂല്യവർദ്ധനവിനെ കുറിച്ചും, അതുപോലെ വാഴയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമെന്നതിനെകുറിച്ചും വിശദമായ ചർച്ചകൾ ഉണ്ടായി.

പ്രധാന വിളകളായ നാളികേരം, ചക്ക, തേൻ, എന്നിവയിലെ മൂല്യവർദ്ധിത സാധ്യതകളെകുറിച്ചുളള ചർച്ചകളായിരുന്നു രണ്ടാംദിനം വേദി 2-ൽ സംഘടിപ്പിക്കപ്പെട്ടത്. കഴിഞ്ഞ 2 വർഷത്തിനുളളിൽ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കപ്പെട്ട ചക്കയ്ക്ക് വലിയൊരു പ്രാധാന്യമാണ് ലഭിച്ചിട്ടുളളത്. പരമ്പരാഗതമായി കഴിച്ചുവന്നിരുന്ന ചക്ക ഔഷധപ്രാധാന്യത്തോടെ പലരും ഉപയോഗിച്ചു തുടങ്ങുകയുണ്ടായി. പുതിയ സാങ്കേതികവിദ്യയിലൂടെ ചക്കയുടെ വലുപ്പം പത്തിലൊന്നായി കുറയ്ക്കുവാനും 365 ദിവസവും ചക്ക ലഭ്യമാക്കുവാനും സാധിക്കുമെന്നതാണ് ഈ മേഖലയിൽ ആകർഷണീയമായ സവിശേഷത.

പ്രധാന വിളകൾക്കൊപ്പംതന്നെ കർഷകർക്ക് വരുമാന വർദ്ധനവിന് മറ്റനവധി മാർഗങ്ങളും സ്വീകരിക്കാനാകും. തേനീച്ച വളർത്തൽ അതിപ്രധാനമായ ഒന്നാണ്. മുരിങ്ങ, കശുമാവ്, ക്ലസ്റ്റർ ബിൻ, പാഷൻ ഫ്രൂട്ട് തുടങ്ങിയ തേനീച്ച സൗഹൃദസസ്യങ്ങളെ കൂടുതൽ പ്രേരിപ്പിക്കുന്നത് അധികവരുമാനത്തിന് സഹായകമാകും. തനതു തേനീച്ച ഇനങ്ങളുടെ വളർത്തലിലൂടെ ചെറുകിടകർഷകരുടെ വരുമാന ഉറവിടങ്ങൾക്ക് കൂടുതൽ വൈവിധ്യം ഉറപ്പാക്കാം.

കാർഷികസംരംഭകത്വങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കിയ 4-ാം മത് വൈഗയിലെ പ്രധാന വിഷയം തന്നെ കാർഷികസംരംഭകത്വത്തെ കുറിച്ചായിരുന്നു. കാർഷികമേഖലയുടെ മാറ്റം യുവസംരംഭകരിലൂടെ എന്ന പേരിൽ ഒരു ദിവസം നീണ്ടു നിന്ന ചർച്ചാവേദിയും ഇതിനായി ഒരുക്കിയിരുന്നു. കാർഷിക മേഖലയിൽ പുതിയതായി (സ്റ്റാർട്ട്അപ്)വരുന്ന യുവസംരഭകർക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ലഭ്യമാണ് എന്നതിനെ കുറിച്ച് വിശദമായ ചർച്ചതന്നെ നടന്നു. വരുമാനം കൂട്ടിചിലവ് കുറയ്ക്കുക എന്നിടത്താണ് സ്റ്റാർട്ട്അപ് പ്രസക്തി. കാർഷികവിപണന ശൃംഖലയിൽ വലിയ ഇടപെടലുകൾ നടത്താവുന്ന സ്ഥിതിവിശേഷമാണ് നിലവിലുളളത്. 1000 കോടിരൂപയുടെ സ്റ്റാർട്ടപ്പുകൾ ഇപ്പോൾ കേരളത്തിൽ ലഭ്യമാണ്. പുതിയ സംരംഭങ്ങളെ പരിചയപ്പെടുത്തുന്നതിനും ആരംഭിക്കുന്നതിനുമുളള പദ്ധതിയാണ് റഫ്താർ. പ്രധാനമായും പുതിയ ആശയം വികസിപ്പിക്കാൻ 5 ലക്ഷം രൂപ വരെ ഉപാധികളോടെ നൽകുന്നു. നൂതന ആശയത്തിന് 25 ലക്ഷംരൂപ വരെസഹായം നൽകുന്നു.

നബാർഡിന്റെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത കമ്പനികൾക്ക് മാത്രമേ ധനസഹായം ലഭിക്കുകയുളളു. ഇവർക്ക് നബാർഡും പരിശീലനം നൽകുന്നു. കാർഷികോത്പാദന കമ്പനികൾക്കും ഇപ്പോൾ ഏറെ പ്രാധാന്യം നൽകിവരുന്നുണ്ട്. കേരളത്തിൽ ഏകദേശം 4000 ത്തോളം ഉത്പാദക സംഘങ്ങൾ

പ്രവർത്തിക്കുന്നുണ്ട്. ഇതിൽഏകദേശം 50% ത്തോളം അതിന്റെ പ്രവർത്തനം കൊണ്ടുപോകുന്നത് വളരെ നല്ല രീതിയിലാണ്.

പോഷണത്തിനും വരുമാനവർദ്ധനവിനും ചെറുധാന്യങ്ങൾ എന്ന കാലിക പ്രസക്തിയുളളചർച്ചയും വൈഗയിൽ ഉണ്ടായിരുന്നു. രാജ്യം അഭിമുഖീകരിക്കുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളാണ് പ്രമേഹവും പൊണ്ണത്തടിയും പോഷണദാരിദ്രവും. ഇവയെല്ലാം ഒരേപോലെ നേരിടുന്നതിന് മിനറൽസും വൈറ്റമിൻസും, നാരുകളും ധാരാളമടങ്ങിയ ചെറുധാന്യങ്ങൾ പ്രാധാന്യമർഹിക്കുന്നു. ഭാവിയിലെ *സ്മാർട്ട്ഫുഡ്* ആണ് ചെറുധാന്യങ്ങൾ. ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തമിഴ്നാട്ടിൽ കർഷകരുടെഉല്പാദന സംഘങ്ങൾ രൂപീകരിച്ച് വിത്ത്ഉത്പാദനം, പ്രോസസ്സിംഗ്, വിപണനമേളകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ചെറുധാന്യങ്ങൾ ഉപയോഗിച്ച് വെർമിസെല്ലി, ബ്രഡ്സ്, കുക്കീസ്, ദോശ, കേക്ക്, ഹൽവ തുടങ്ങിയ വിവിധയിനം മൂല്യവർദ്ധിത ഉല്പന്നങ്ങളും സംഘങ്ങൾ വഴി തയ്യാറാക്കി വിപണനം നടത്തുന്നു. അട്ടപ്പാടിയിലും ഈ രീതിയിലുള പ്രവർത്തനങ്ങൾ മുന്നേറുകയാണ്.

ഉത്പന്നസംസ്കരണത്തിന്റെയും മൂല്യവർദ്ധനവിന്റെയും സാധ്യതകളെക്കുറിച്ച് തികച്ചും കർഷകർക്ക് വഴികാട്ടിയായി മാറിയിരിക്കുകയാണ് വൈഗ അന്താരാഷ്ട്രശില്പശാലയും പ്രദർശനവും. കേരള കാർഷികസർവ്വകലാശാല വികസിപ്പിച്ചെടുത്ത 66 തരം സാങ്കേതികവിദ്യകളാണ് 2017-ൽ തൃശൂർ നടന്ന വൈഗയിൽ കർഷകർക്കും സംരംഭകർക്കുമായി കൈമാറിയത്. വിവിധ ഉത്പന്നങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക കാർഷികമേഖലകളിൽ ആഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിന് ആദ്യത്തെ വൈഗയിൽ തീരുമാനിക്കുകയുണ്ടായി. ഇതു പ്രകാരം തേൻ-വാഴപ്പഴം അടിസ്ഥാനമാക്കി ആദ്യ ആഗ്രോപാർക്ക് തൃശൂർ ജില്ലയിലെ കണ്ണാറയിൽ സ്ഥാപിക്കുന്നതിന് തറക്കല്ലിട്ടു. സംരംഭകയൂണിറ്റുകൾ സ്വന്തമായി തുടങ്ങുവാൻ ബുദ്ധിമുട്ടുള്ള കർഷകർക്ക് അവരുടെ ഉത്പ്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യവും, ഇൻകുബേഷൻ സെന്റർഫെസിലിറ്റിയും ഇത്തരം പാർക്കുകളിൽ ലഭ്യമായിരിക്കും. കാർഷികവ്യവസായ സംരംഭകരാകുവാൻ താത്പര്യമുള്ളവർക്ക് സഹായവുമായി ഇൻക്യുബേഷൻ സെന്ററുകൾ പലയിടങ്ങളിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കും കർഷകസംഘങ്ങൾക്കും എല്ലാവിധ സഹായസൗകര്യങ്ങളും ഏർപ്പെടുത്തുവാൻ സംസ്ഥാന കൃഷിവകുപ്പ് തീരുമാനിച്ചിട്ടുണ്ട്. നാലു വൈഗയിലുമായി 80-ഓളം സാങ്കേതികവിദ്യകളാണ് കർഷകർക്കും കാർഷിക സംരംഭകർക്കുമായി കൈമാറ്റം ചെയ്യപ്പെട്ടത്.

കൃഷിവകുപ്പിന്റെ നിലവിലുളള പദ്ധതികൾ മൂല്യവർദ്ധനവിന് സഹായകരമാകും വിധം പുനരാവിഷ്കരിക്കുവാനും ചെറുകിട-നാമമാത്ര കർഷകരടങ്ങുന്ന ഉത്പാദകസംഘങ്ങൾക്ക് ഈ മേഖലയിൽ പ്രോത്സാഹനവും സഹായവും നൽകുവാനും കൃഷിവകുപ്പും സർക്കാരും തീരുമാനിച്ചിട്ടുണ്ട്. പ്രാദേശികഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി കർഷകർക്കു സ്ഥിരവരുമാനം ഉറപ്പുവരുത്തുവാനും ധാരാളം ചെറുകിടസംരംഭങ്ങൾ തുടങ്ങുവാനും വൈഗ-ശില്പശാലകളിലൂടെ സാധിച്ചിട്ടുണ്ട്. ഇതിനകം തന്നെ 40-ഓളം കാർഷികസംരംഭകയൂണിറ്റുകൾ സംസ്ഥാനത്ത് രൂപീകൃതമായി. കർഷകഉത്പാദക കമ്പനികൾക്ക് പ്രോത്സാഹനം നൽകി ഇത്തരം ചെറുകിടയൂണിറ്റുകൾ വ്യാപകമാക്കുന്നതിനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പുതുതായി 50 കാർഷികഉത്പാദക കമ്പനികൾ രൂപികരിക്കുന്നതിനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുളളത്.

*കടപ്പാട്: എഫ്.ഐ.ബി*


## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 15ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*



## മുഖമൊഴി

വേനൽ ഇക്കുറി തീക്ഷ്ണമാകുമെന്നാണ് പ്രകൃതി നല്കുന്ന സൂചനകൾ. പതിവു പോലെ കടന്നു പോയ മഞ്ഞുകാലത്ത് നല്ല മഞ്ഞോ കുളിരോ ഉണ്ടായിരുന്നില്ല. ജനുവരി ഒടുവിൽ കിട്ടേണ്ടിയിരുന്ന ഒന്നു രണ്ടു മഴകളും വഴിമാറി പോയി. അടുക്കളപ്പുറത്തോ, മുറ്റത്തോ നില്ക്കുന്ന തെങ്ങിൻ ചുവട്ടിൽ പാത്രം കഴുകുന്ന, പല്ലു തേയ്ക്കുന്ന ഗ്രാമീണ മലയാളിയുടെ ശീലം എവിടെയോ കൈമോശം വന്നിരിക്കുന്നു. അല്ലെങ്കിൽ ആധുനിക ലാൻഡ്സകേപ്പിംങ് പ്രകാരം മുറ്റത്ത് അങ്ങിനെ ഒന്നും കാണില്ല. ഇനി കാണാനുള്ള ചന്തത്തിന് മുറ്റത്ത് ഏതെങ്കിലും ഒരു കോണിൽ അങ്ങിനെ ഒന്ന് ഉണ്ടെങ്കിൽ തന്നെ അതിന്റെ ചുവട്ടിൽ കൊണ്ടുപോയി വച്ചു ആരു പാത്രം കഴുകും, ആര് അവിടെ പോയി നിന്നു പല്ലു തേയ്ക്കും.

പുതിയ സംസ്കാരത്തിൽ എന്തുമാത്രം വെള്ളമാണ് നാം പാഴാക്കി കളയുന്നത്. സംസ്ഥാനത്തിലൂടെ 44 നദികൾ ഒഴുകുന്നു എന്ന അഹങ്കാരം മൂലമാവാം പ്രകൃതിയുടെ ദാനമായ വെള്ളം കുരുതലോടെ ഉപയോഗിക്കുവാൻ നാം ഇനിയും ശീലിച്ചിട്ടില്ല. ജല ഉപയോഗത്തിൽ മലയാളികൾ ധാരാളികളാണ്. പക്ഷെ ഓർക്കുക, ദുഖിക്കേണ്ടിവരും.

കാലാവസ്ഥാ വ്യതിയാനം അതിന്റെ എല്ലാ അർത്ഥത്തിലും നമ്മെ ഗ്രസിച്ചു തുടങ്ങിയിരിന്നു എന്നു നാം മനസിലാക്കണം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കഴിഞ്ഞ ഫെബ്രുവരിയിൽ ഇന്ത്യ സ്പിയർ ഹെഡിംങ് ക്ലൈമാറ്റിക് സെലൂഷൻസ് എന്ന പേരിൽ പുറത്തിറക്കിയ പുസ്തകത്തിൽ നാം നേരിടുന്ന ഈ വെല്ലുവിളി വളരെ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്.

അതിനാൽ വെള്ളത്തിന്റെ കാര്യത്തിൽ നാം മിതത്വം പാലിക്കണം. ഉത്തരവാദിത്വത്തോടെയും കരുതലോടെയും വെള്ളം ഉപയോഗിക്കുക. വേനൽ കാലത്ത് വെള്ളം ദുരുപയോഗം ചെയ്യരുത്. പുറത്തു കളയുന്ന വെള്ളം സാധിക്കുമെങ്കിൽ ഒരു തെങ്ങിനു നല്കുന്ന നല്ല ശീലം വളർത്താൻ കൂട്ടുകാർ ശ്രദ്ധിക്കുക. തണലും കുളിരും മധുരവും മറ്റ് ആരോഗ്യ ശീലങ്ങളും ആ തെങ്ങ് നിങ്ങൾക്കു തിരിച്ചു തരാതിരിക്കില്ല. പ്രകൃതിയെ അറിഞ്ഞ് മരങ്ങളെ സ്നേഹിച്ച് നമുക്കു വളരാം. പുതുവർഷത്തിൽ അത്തരം ചില തീരുമാനങ്ങൾ സ്വീകരിക്കാം.

എഡിറ്റർ

കഥ



# തെങ്ങോലത്തണലിൽ

**അലീന രാജു**
ഗവ.വിഎച്ച് എസ് എസ്, ചോറ്റാനിക്കര, എറണാകുളം

മനു ഇടത്തേയ്ക്ക് അൽപം ചരിഞ്ഞിരുന്നു. ഉള്ളിൽ ഓർമ്മയുടെ വേലിയേറ്റം. തന്റെ അവസാനത്തെ പിടിവള്ളിയാണ് ആ അര ഏക്കർ തെങ്ങിൻ പുരയിടം. അച്ഛനെ സംസ്കരിച്ചതും അവിടെയാണ്. ആ തെങ്ങുകളിൽ നിന്നുള്ള ലാഭമാണ് തന്റെ വിദ്യാഭ്യാസവും ഈ തണ്ടും തടിയും. നല്ല വിദ്യാഭ്യാസം നേടുന്നതിൽ വിജയിച്ചെങ്കിലും ഒരു ഉദ്യോഗം തേടുന്നതിൽ പരാജയപ്പെട്ടു പോയി. നാട്ടിലുള്ള 15 സെന്റ് തെങ്ങും പുരയിടം വിറ്റ് ചെറുതേതെങ്കിലും ഒരു ബിസിനസ്സ് തുടങ്ങണം എന്നായിരുന്നു പ്ലാൻ.

അച്ഛനെ കുറിച്ചോർക്കുമ്പോൾ ആ തെങ്ങും പുരയിടമാണ് ഓർമ്മ വരുന്നത്. അത് അച്ഛന്റെ പ്രാണനായിരുന്നു. പൊന്നു പോലെ നോക്കിയിരുന്നു. തെങ്ങിൽ നിന്നു നല്ല കായ്ഫലവും, ചകിരിയും ഓലയും ഒന്നും കളയാനില്ല. എല്ലാം ലാഭമുണ്ടാക്കാനുള്ള ഘടകമാണ്. ഞങ്ങളെ വളർത്തിയതും പഠിപ്പിച്ചതും അതു തന്നെയാണ്. ആ പുരയിടത്തിൽ നിന്ന് കിട്ടിയ ലാഭമാണ്. എന്റെ നാട്ടിൽ ഒട്ടേറെപ്പേർ തെങ്ങു കൃഷി കൊണ്ടു കഴിയുന്നു. അച്ഛൻ എന്നും പറയുമായിരുന്നു, തെങ്ങു ചതിക്കില്ലാ എന്ന്. എന്നാൽ ഇടക്കാലത്ത് തെങ്ങുകളെ ഒട്ടാകെ ബാധിച്ച മണ്ഡരി രോഗം അച്ഛന്റെ എല്ലാ പ്രതീക്ഷകളും തകർത്തു തേങ്ങയുടെ വിലകുറഞ്ഞതും, എണ്ണയ്ക്ക് വിലയിടിഞ്ഞതും എല്ലാം എന്റെ വീട്ടിലെ സമാധാനമാണ് തകർത്തത്. ലോണെടുത്തിറക്കിയ തെങ്ങു കൃഷി നഷ്ടമായതോടെ അച്ഛൻ താൻ ജീവനായിക്കണ്ട തെങ്ങും പുരയിടത്തിൽ തന്നെയാണ് തീകൊളുത്തി മരിച്ചതും.

ട്രെയിൻ കൂകി വിളിച്ച് സ്റ്റേഷനിൽ എത്തി. മനു കണ്ണ് തുടച്ച് ബാഗുമായി ഇറങ്ങി. വഴിയിലെല്ലാം തെങ്ങ് കായ്ച് കിടക്കുന്നു. കാറ്റിൽ അൽപം ഒന്നിളകുന്നു. അച്ഛൻ നോക്കി ചിരിക്കുന്ന പോലെ തോന്നി. എന്തോ പുരയിടം വിൽക്കാൻ മനസ് തോന്നിക്കുന്നില്ല. അച്ഛൻ തോന്നിച്ചതാണോ. ജീവനായിരുന്നു ഈ സ്ഥലം അച്ഛന്. അദ്ദേഹത്തിന്റെ സങ്കടത്തിന് സാക്ഷിയായ ഈ കേര വൃക്ഷങ്ങൾ മരണത്തിനും മൂകമായി സമ്മതം നൽകി. ഇല്ല ഞാൻ വിൽക്കില്ല ഇത്. ഇത് എനിക്കാണ്. ഞാൻ നോക്കി നടത്തും. ഈ സ്ഥലത്ത് ഞാൻ നട്ടു വളർത്തും ഒരു നൂറ് തെങ്ങിൻ തൈകൾ. ഈ തെങ്ങോല തണലിലായിരുന്നു എന്റെ ബാല്യകാലം. ഇതിനെ എങ്ങനെ നഷ്ടപ്പെടുത്താനാവും.

വളർന്നത് നാളികേരത്തിന്റെ നാട്ടിലാണ്. ഇപ്പോൾ വന്നു ചേർത്തതും ഈ നാളികേരത്തിന്റെ നാട്ടിലേക്ക് ആണ്. ഇവിടെ പണിയെടുക്കും. നല്ലൊരു നാളികേര കൃഷിക്കാരനാവും.

കവിത



# കുട്ടിവിചാരങ്ങൾ

ബിനോജ് കാലായിൽ

ഓലപ്പീലി ചാമരം വീശി
പുത്താണ്ടെത്തും നേരത്ത്
പുതുമയോടതിനെ വരവേറ്റീടാൻ
തൈതൈയ്യൊന്ന് നടും ഞാനും

സമചതുരത്തിൽ കുഴികുത്തി
ഭസ്മ കരീഷ മിശ്രിതമിട്ട്
ലക്ഷണമൊത്തൊരു കുള്ളൻ
തെങ്ങിൻ തൈയത് നട്ടുപിടിപ്പിക്കും

എന്നും ചാരെപ്പോയീടും
കുശലമതെല്ലാം ചൊന്നീടും
കുഴിയരികെല്ലാം ചെത്തിയരിഞ്ഞ്
തടമത് ചേലിൽ തുറന്നീടും

വേനലിൽ വെള്ളം നേദിക്കും
വേരാണ്ടീടാൻ പണി ചെയ്യും
വേലിയിൽ നിൽക്കും കൊന്നപ്പത്തൽ
വെട്ടിയെടുത്ത് പുതയിടും

മണ്ണിൻ പുഷ്ടി നിലനിർത്താൻ
ധാതുവളങ്ങൾ നൽകീടും
കീടാക്രമണം ഒഴിവാക്കാൻ
പ്രതിരോധത്തിൻ പൂട്ടുകൾ തീർക്കും

മൂന്നാണ്ടെത്തും കാലത്ത്
ചൊട്ടയതാദ്യം പൊട്ടുമ്പോൾ
ആമോദത്താൽ ആഹ്ളാദത്താൽ
തുള്ളിച്ചാടി നടക്കും ഞാൻ

ഓരോ ദിനവും വീക്ഷിക്കും
കാവൽ കരുതലതേകീടും
ചെല്ലിയുമെലിയും കുത്താതെ-
യായുണ്ണികളെ ഞാൻ കാത്തീടും

കരിക്കിൻ പരുവമതാകുമ്പോൾ
ഒന്നാകുലയിലടർത്തും ഞാൻ
കൂട്ടരുമൊത്തിട്ടാവോളം ഇളനീർ
രുചിയത് നുകരും ഞാൻ

---

നഷ്ടങ്ങൾ നികത്തും.

കാലം മാറി. എണ്ണയ്ക്ക് വില കൂടി. ചകിരിക്കും, കയർ മാറ്റിനും ഇന്ന് ആവശ്യക്കാരേറെയാണ്.

വിദേശികൾ പോലും എത്തുന്നു കയറിന്റെ പാരമ്പര്യം അറിയാൻ. എന്നാലോ എന്നെപ്പോലുള്ള ചെറുപ്പക്കാർ കൃഷി ചെയ്യാൻ താൽപര്യപ്പെടാതെ ബിസിനസ്സിലേക്ക് ഇറങ്ങി തിരിക്കുന്നു. ഇല്ല, ഞാൻ അങ്ങനെ ആവാൻ ആഗ്രഹിക്കുന്നില്ല. ഞാൻ കൃഷി ചെയ്യും നാളികേരം തന്നെ. ലാഭത്തിന് വീണ്ടും സ്ഥലം വാങ്ങി കൃഷി ചെയ്യും.

എന്നെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഒപ്പമുണ്ട്. ധനസഹായങ്ങളും ലോണും അവർ നൽകും. കിട്ടുന്ന ലാഭത്തേക്കാൾ ഉപരി നാടിന്റെ നാളികേര പാരമ്പര്യത്തെ നേടിയെടുക്കണം. വികസിപ്പിക്കണം. നമ്മുടെ സംസ്ഥാന വൃക്ഷമായ തെങ്ങ്. അതിന്റെ നാടാണ്. അതിനെ പ്രോത്സാഹിപ്പിക്കണം. സംരക്ഷിക്കണം. ഞാനും മാതൃകയാവും. പങ്കാളിയാകും.

എവിടെനിന്നോ ചെറിയ കാറ്റ്. ഒരു കൊതുമ്പ് അടർന്ന് മുന്നിൽ വീണു. അച്ഛൻ സമ്മതമറിയിച്ചതുപോലെ. തെങ്ങുകൾ ഒന്നിളകി ചിരിച്ചോ?

ഈ തെങ്ങോലത്തണലിൽ ഇരുന്നു തീരുമാനിച്ചു കൃഷിക്കാരനാവുമെന്ന്. ഓലക്കീറിൽ നിന്ന് വെയിൽ മുഖത്തേക്കടിച്ചു. ഒരു ചുടു മുത്തം നൽകിയപോലെ, പ്രകൃതി എനിക്കായി നൽകിയ ഈ സായാഹ്നത്തിൽ പ്രകൃതിക്കായി, നാളികേരത്തിനായി തീരുമാനമെടുത്തു.

അമ്മാവനോട് പറയണം, ഈ തീരുമാനം.

കൃഷിക്കായുള്ള സഹായ ഉറവിടങ്ങൾ മനസ്സിലാക്കണം. നാളികേര വികസന ബോർഡുമായി ബന്ധപ്പെടണം. തെങ്ങ് ചതിക്കില്ല, കൃഷിയും.

നാളികേരത്തിന്റെ നാട്ടിലേക്കുള്ള എന്റെയീ മടക്കം എന്നിലേക്കുതന്നെയുള്ള യാത്രയായിരുന്നു.

തെങ്ങോല തണലിൽ ഇരുന്നുള്ള ഈ തീരുമാനം പ്രതീക്ഷയുടെ തെങ്ങിൻ പൂക്കുലയാണ്. അത് കായ്ച് നല്ല നാളികേരമാവണേ....

നാളികേരത്തിന്റെ നാട്ടിലേക്ക് ഞാനും എത്തി.

അവർ എന്നെ സ്വീകരിച്ചു.

ഇനി ഇവിടെ പണിയെടുക്കും. തിരിച്ചറിവാണിത്. മനു ഉദ്യോഗമില്ലാത്തവനല്ല, വരുമാനമില്ലാത്തവനുമല്ല.

മടങ്ങിയത് നേട്ടത്തിലേക്കാണ്. നാളികേരത്തിന്റെ നാട്ടിൽ. നാളികേരം പോലെ ഉറച്ച തീരുമാനം,. ■

ലേഖനം

# കേര കേരളം സമൃദ്ധ കേരളം

**കൃഷ്ണപ്രിയ ജെ**
ക്ലാസ്സ് 8, ഭവൻസ് ആദർശ വിദ്യാലയ, കാക്കനാട്

കേരം തിങ്ങും നാട് കേരളത്തിനെ വിശേഷിപ്പിക്കാൻ ഇത്രയും നല്ല വാക്കുകൾ വേറെയില്ല. കേരള സംസ്ക്കാരവും ഭാഷയും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് അതിനെ വിഭിന്നമാക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിലേക്കോടി വരുന്നത് ഇളം കാറ്റിൽ ആടിയുലയുന്ന തെങ്ങുകളാണ്. ഈ കാരണം കൊണ്ടു തന്നെയായിരിക്കാം തെങ്ങിനെ കേരളത്തിന്റെ സംസ്ഥാന വൃക്ഷമായി സർക്കാർ പ്രഖ്യാപിച്ചത്.

തെങ്ങ് കേരളത്തിലേറ്റവും കൂടുതൽ കാണുന്ന വൃക്ഷമാണ്. തെങ്ങിന്റെ സമസ്ത ഭാഗങ്ങളും ഉപയോഗപ്രദമായതിനാലാകണം തെങ്ങിനെ ആഗ്രഹങ്ങളെല്ലാം സാധിച്ചു തരുന്ന കൽപവൃക്ഷമായി ആളുകൾ കരുതുന്നത്. കയർ മുതൽ കരകൗശലവസ്തുക്കൾക്കു വരെ തെങ്ങിന്റെ വിവിധ ഭാഗങ്ങളെ നാം ഉപയോഗപ്പെടുത്തുന്നു. മലയാളിയുടെ ഭക്ഷ്യ വിഭവങ്ങളിലെ മുഖ്യ ചേരുവയായ തേങ്ങയും തെങ്ങിൽ നിന്നു തന്നെയാണ് ലഭിക്കുന്നത്. വേനൽക്കാലത്ത് ദാഹശമനത്തിനുള്ള ഉത്തമ ആരോഗ്യ പാനീയമായ കരിക്കും തെങ്ങിൽ നിന്നാണ്.

കയർ വ്യവസായത്തിന്റെ അടിത്തറ തേങ്ങയാണ്. തേങ്ങ പൊതിക്കുമ്പോൾ കിട്ടുന്ന ചകിരിയിൽ നിന്നാണ് കയറുണ്ടാക്കുന്നത്. കയർ വ്യവസായം കൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്ന ലക്ഷങ്ങളുണ്ട് നമ്മുടെ നാട്ടിൽ. അവരുടെ ഏക വരുമാനമാർഗ്ഗം കയറാണ്. സർക്കാരിന്റെ പിന്തുണയോടെ കയർ വ്യവസായം ഇന്നു കൂടുതൽ നിലവാരപ്പെട്ടിട്ടുണ്ട്. കയർ ഉൽപന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനും ഈ വ്യവസായത്തിന്റെ നടത്തിപ്പിനായുള്ള അടിസ്ഥാന ചെലവിനും സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു.


ചിരട്ടകൊണ്ടുണ്ടാക്കുന്ന കരകൗശല വസ്തുക്കൾ ആലപ്പുഴ പോലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വളരെ പ്രസിദ്ധമാണ്. വിദേശ സഞ്ചായരികളുടെ ആരാധന പിടിച്ചു പറ്റാൻ കഴിവുള്ള ഇവയക്ക് അവരുടെ ഇടയിലെ പ്രശസ്തി അതിശയിപ്പിക്കുന്നതാണ്. ഇങ്ങനെയൊക്കെ നോക്കുമ്പോൾ കേരളത്തിന്റെ ഐശ്വര്യത്തിന്റെ ചിഹ്നമാണ് കേര വൃക്ഷം അഥവാ തെങ്ങ്. അതിന്റെ സമൃദ്ധിയെ നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. പക്ഷെ, നാം നമ്മുടെ കടമ നിർവ്വഹിക്കുന്നില്ല എന്നത് ഖേദകരമാണ്.

സംസ്ഥാനത്തിന്റെ സമൃദ്ധിയുടെ കാര്യത്തിൽ മാത്രമല്ല കേരള സംസ്ക്കാരത്തിലും, കേരവൃക്ഷത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. എന്നിട്ടും നാളികേര മേഖലയുടെ വിസ്തൃതിയയിൽ ഈ കഴിഞ്ഞ വർഷങ്ങളിൽ ഇടിവ് സംഭവിച്ചിരിക്കുന്നു.

പണ്ടത്തെ പുരയിടങ്ങൾ ഭാഗം വയ്ക്കുന്നതിനോടൊപ്പം വീട് നിർമ്മിക്കാനും മറ്റുമായി തെങ്ങുകൾ വെട്ടിമാറ്റപ്പെടുന്നു.

ഫ്ളാറ്റുകളിലേക്ക് ചേക്കേറുന്ന മലയാളിക്ക് കേര വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള സ്ഥലവും കൈമോശം വരുന്നു. വെള്ളക്കോളർ ജോലികളിൽ തൽപരരായ നമുക്ക് പറമ്പിലിറങ്ങി പണിയെടുക്കാനും മടിയായി. പണ്ടത്തെപ്പോലെ തെങ്ങുകയറ്റക്കാരെ കിട്ടാത്ത ഈ കാലത്ത് ഉള്ള തെങ്ങ് വെട്ടിക്കളഞ്ഞ് നാം പുറത്തു നിന്ന് വിലകൊടുത്ത് തേങ്ങ വാങ്ങുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം അനിവാര്യമാണ്. വൈകിയിട്ടില്ല. ഇനിയും നമ്മുടെ നഷ്ടപ്പെടുന്ന സമ്പത്തിനെ വീണ്ടെടുക്കാൻ കേര വൃക്ഷങ്ങളോടൊപ്പം നഷ്ടപ്പെടുന്ന ആരോഗ്യവും സംസ്ക്കാരവും വീണ്ടെടുക്കാൻ നാം പറമ്പിലിറങ്ങി പണിയെടുത്തേ മതിയാകൂ. കേര വൃക്ഷത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും അതിന്റെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണം അത്യാവശ്യമാണ്. അല്ലെങ്കിൽ കേര വൃക്ഷങ്ങളില്ലാതെ, നമ്മുടെ സംസ്ഥാനത്തിന്റെ പേര് നിരർത്ഥകമായിത്തീരും. തെങ്ങിനെയും തെങ്ങു വളരുന്ന ഈ മണ്ണിനേയും സ്നേഹിക്കുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കാൻ നമുക്കൊത്തൊരുമിച്ച് ശ്രമിക്കാം. ■



# തെങ്ങിൻ തോപ്പിൽ ഫെബ്രുവരിയിലെ കൃഷിപ്പണികൾ

### വിത്ത് തേങ്ങ സംഭരണം

തെരഞ്ഞെടുത്ത മാതൃ വൃക്ഷങ്ങളിൽ നിന്നും വിത്ത് തേങ്ങ സംഭരിക്കുക. പാകമായി വിളഞ്ഞ വിത്തു തേങ്ങകളുള്ള തേങ്ങാക്കുല കയർ കൊണ്ടു കെട്ടിയിറക്കണം. തെരഞ്ഞെടുത്ത വിത്തു തേങ്ങയിലെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ തണലിൽ പ്രത്യേകം സൂക്ഷിച്ച് വയ്ക്കുക.



### നഴ്സറി പരിപാലനം

നഴ്സറിയിലെ തൈകൾ നനയ്ക്കണം. ആവശ്യാനുസരണം കളകൾ നീക്കം ചെയ്യണം. ചിതലിന്റെ ശല്യമുണ്ടെങ്കിൽ തവാരണയിൽ കീടനാശിനി ലായനി (ക്ലോർപൈരിഫോസ് 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. വെള്ളീച്ച ബാധയ്ക്കെതിരെ നഴ്സറിയിലെ തൈകൾക്ക് ശക്തിയായി വെള്ളം സ്പ്രേ ചെയ്തു കൊടുക്കുക.



### തൈകൾക്ക് തണൽ

പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ നൽകണം.

### തെങ്ങിൻ തടിയിൽ വെള്ള പൂശൽ

തെങ്ങിൻ തടിയിൽ 2 മീറ്റർ ഉയരം വരെ കുമ്മായം പൂശുന്നത് തടിയിലെ താപനില കുറച്ച്, കഠിനായ വെയിൽ കൊണ്ടുള്ള ആഘാതം തടയാൻ സഹായിക്കം.

### ജലസേചനം

കായ്ക്കുന്ന തെങ്ങുകൾക്കും ചെറു പ്രായത്തിലുള്ള തെങ്ങുകൾക്കും പുതുതായി നട്ട തെങ്ങിൻ തൈകൾക്കും ജലസേചനം നൽകുന്നത് തുടരുക. കായ്ക്കുന്ന തെങ്ങുകൾക്ക് നാലു ദിവസത്തിലൊരിക്കൽ 200 ലിറ്റർ വെള്ളം ഒരു തെങ്ങിന് എന്ന തോതിൽ തടം നനയുന്ന രീതിയിൽ ജലസേചനം നൽകണം. കണിക ജലസേചനം വഴി കായ്ക്കുന്ന തെങ്ങൊന്നിന് പ്രതിദിനം 30–35 ലിറ്റർ വെള്ളം നൽകിയാൽ മതിയാകും.



### മണ്ണ് – ജലസംരക്ഷണം

പുതയിടൽ ഉൾപ്പെടെയുള്ള മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ അനുവർത്തിക്കുന്നത് തുടരുക.




### കീടരോഗ നിയന്ത്രണം

അന്തരീക്ഷത്തിലെ ഈർപ്പം കുറഞ്ഞ് വരണ്ട കാലാവസ്ഥയിലേക്കുള്ള മാറ്റമാണ് ഫെബ്രുവരി മാസത്തിന്റെ പ്രത്യേകത. എന്നാൽ രാത്രി കാലത്തെ തണുപ്പ് കുറച്ചൊക്കെ തുടരുകയും ചെയ്യും. പുഴയും കായലും ഉൾപ്പെടെയുള്ള ജലാശയങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങളിലും ഉൾനാടൻ പ്രദേശങ്ങളിലുമുള്ള തെങ്ങിൻ തോപ്പുകളിൽ വെള്ളീച്ച പോലെ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇത്തരം കീടങ്ങൾ പെരുകുന്നത് നഴ്സറികളിലെ തൈകളെയും ചെറു പ്രായത്തിലെ തെങ്ങുകളേയും കൂടുതൽ ബാധിക്കും. തെങ്ങോലപ്പുഴു, ഒച്ച് പുഴുക്കൾ തുടങ്ങിയ കീടങ്ങളുടെ ആക്രമണം സ്ഥിരമായി കാണുന്ന തെ

ങ്ങിൻ തോപ്പുകളിൽ കീടബാധ കൃത്യമായി നീരിക്ഷിക്കുകയും വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും വേണം. ഫെബ്രുവരിയിലെ കാലാവസ്ഥാ സാഹചര്യങ്ങൾ തെങ്ങിൻ തോപ്പുകളിൽ ചെമ്പൻ ചെല്ലി ബാധ വർദ്ധിക്കുന്നതിനിടയാകും. അതുപോലെ ഓല ചീയൽ, തഞ്ചാവൂർ വാട്ടം തുടങ്ങിയവയ്ക്ക് കാരണമായ രോഗാണുക്കൾ പെരുകുന്നതിനും ഫെബ്രുവരിയിലെ കാലാവസ്ഥ അനുകൂലമാണ്. തെങ്ങിൻ തോട്ടം ഇടയ്ക്കിടെ സന്ദർശിക്കുകയും തെങ്ങുകളെ നിരീക്ഷിച്ച് കീടങ്ങളുടെ ആക്രണമോ രോഗബാധയോ ഉണ്ടോ എന്ന് കൃത്യമായി മനസ്സിലാക്കുകയും ചെയ്ത്, തുടക്കത്തിൽ തന്നെ ഉചിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി കീട രോഗ ബാധ മൂലമുള്ള വിള നഷ്ടം ഒഴിവാക്കാം.

## കൊമ്പൻ ചെല്ലി




- മുൻ കരുതൽ നടപടി എന്ന നിലയിൽ നാമ്പോലയുള്ള സമീപത്തുള്ള മൂന്ന ഓലക്കവിളുകളിൽ 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് തുല്യ അളവിൽ മണലുമായി ചേർത്ത് ഇട്ടുകൊടുക്കുക. അതല്ലെങ്കിൽ 4 പാറ്റ ഗുളിക ഒരു ഓലക്കവിളിൽ ഒന്ന് എന്ന തോതിൽ ഏറ്റവും ഉള്ളിലെ മൂന്ന് ഓലക്കവിളുകളിൽ വെച്ച് മണൽ കൊണ്ട് മൂടുക.
- തെങ്ങിൻ തോട്ടം കൃത്യമായി സന്ദർശിച്ച് കീടബാധയുള്ള തെങ്ങുകൾ കണ്ടെത്തി അവയുടെ മണ്ട വൃത്തിയാക്കുകയും ചെല്ലിക്കോലുപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുകയും ചെയ്യുക.
- ചെറു തെങ്ങുകളുടെ മണ്ടയിലെ നാമ്പോലയുൾപ്പെടുന്ന ഭാഗം മീൻവല ഉപയോഗിച്ച് മൂടുകയും വലയിൽ കുടുങ്ങുന്ന ചെമ്പൻ ചെല്ലിയുടെ വണ്ടുകളെ ശേഖരിച്ച് നശിപ്പിക്കകുയും ചെയ്യുക. കൂടാതെ നാമ്പോലയുടെ സമീപത്തുള്ള മൂന്ന് ഓലക്കവിളുകളിൽ 3 ഗ്രാം ക്ലോറാൻട്രനിലിപ്രോൽ അല്ലെങ്കിൽ ഫിപ്രോനിൽ എന്ന കീടനാശിനി ഇട്ട സുഷിരങ്ങളുള്ള പോളിത്തീൻ കൂടുകൾ നിക്ഷേപിക്കുക.
- ചെല്ലികൾ പെറ്റു പെരുകുന്ന വളക്കുഴികളിലും മറ്റും പെരുവലം എന്ന ചെടി വേരോടെ പിഴുതു ചേർക്കുക.
- കൊമ്പൻ ചെല്ലിക്കും ചാണക പ്പുഴുക്കൾക്കും രോഗമുണ്ടാക്കുന്ന മെറ്റാ റൈസിയം അനൈസോപ്ലിയ എന്ന പച്ച കുമിളിന്റെ വിത്ത് വളക്കുഴികളിൽ തളിച്ചു കൊടുക്കുക.

## വെള്ളീച്ച

വെള്ളീച്ചകളുടെ ആക്രമണം കൂടുതൽ സ്ഥലങ്ങളിലെ തെങ്ങിൻ തോപ്പുകളിലേക്ക് വ്യാപിക്കുന്നതിനും മുമ്പു തന്നെ



കീടബാധ ഉണ്ടായ ഇടങ്ങളിൽ വീണ്ടുമുണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്. ഓലകളുടെ അടിവശത്ത് മെഴുകുകാൽ തീർത്ത വെളുത്ത പഞ്ഞിപോലുള്ള പദാർത്ഥങ്ങൾ കാണപ്പെടുകയും ഓലകളുടേയും തോട്ടത്തിലെ മറ്റു വിളകളുടെ ഇലകളുടേയും മുകൾ വശത്ത് കറുത്ത പൂപ്പൽ ബാധ കാണപ്പെടുകയും ചെയ്യുന്നതാണ് വെള്ളീച്ചയുടെ ആക്രമണ ലക്ഷണങ്ങൾ

- തൈതെങ്ങുകളുടെ ഓലകളിൽ ശക്തിയായി വെള്ളം സ്പ്രേ ചെയ്ത ചെയ്തു കൊടുക്കുക വഴി വെള്ളീച്ചയുടെ ആക്രമണം കുറയ്ക്കുന്നതിനും അവ പെരുകുന്ന തോത് നിയന്ത്രിക്കുന്നതിനും സഹായകമാകും.
- തെങ്ങുകൾക്ക് വേണ്ട തോതിൽ വളവും വെള്ളവും നൽകി ആരോഗ്യം മെച്ചപ്പെടുത്തുക.
- രാസകീടനാശിനികൾ ഒന്നും ഉപയോഗിക്കരുത്. കീടനാശിനി പ്രയോഗം വെള്ളീച്ചകളുടെ സമാധി ദശയെ പരാദീകരിച്ച് നശിപ്പിക്കുന്ന എൻകാർസിയ ഗ്വാഡെലൂപെ എന്ന മിത്രകീടമായ ചെറു പ്രാണികളെ നശിപ്പിക്കും.
- ആവണക്കെണ്ണയോ ഗ്രീസോ പുരട്ടിയ, മഞ്ഞ നിറത്തിലുള്ള കട്ടിക്കടലാസ് തെങ്ങിൻ തടിയിലോ ഓലമടലിലോ തൂക്കിയിടുന്നത് വെള്ളീച്ചകളുടെ വ്യാപനം തടയും.
- വെള്ളീച്ച ആക്രമണം മൂലമുണ്ടാകുന്ന ഓലകളുടെ ഉപരിതലത്തിലെ കരിംപൂപ്പൽ തിന്നു നശിപ്പിക്കുന്ന മിത്ര വണ്ടുകൾ പെരുകുന്നതിന് അനുകൂല സാഹചര്യം അനുവദിക്കുക.



## ഓല ചീയൽ

കേരളത്തിന്റെ തെക്കൻ ജില്ലകളിൽ കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകളിലാണ് ഓലചീയൽ കൂടുതലായി കണ്ടു വരുന്നത്. നാമ്പോലയുടെ ഓലക്കാലുകളിൽ തിളച്ച വെള്ളം വീണ പോലുള്ള പുള്ളികൾ പ്രത്യക്ഷപ്പെടുന്നതാണ് രോഗത്തിന്റെ ആദ്യ ലക്ഷണം. ഈ പുള്ളികൾ ക്രമേണ നിറം മാറി അഴുകി വലുതാവുന്നു. ക്രമേണം ഓലക്കാലുകളുടെ അരികും മൂലകളും കറുത്ത നിറമായി ചുരുങ്ങി ഉണങ്ങിപ്പോവുന്നു.

- നാമ്പോലയുടേയും അതിനടുത്തുള്ള രണ്ട് ഓലകളുടേയും



ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് വർക്കല ശിവഗിരി മഠത്തിൽ നടന്ന പ്രദർശനത്തിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാൾ



കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി യുടെ വാർഷിക പൊതുയോഗം ആസ്ഥാനമായ നാളികേര കോംപ്ലക്സിൽ നടന്നപ്പോൾ.

# വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് പോസ്റ്റ് ഹാർവെസ്റ്റ് ഇന്റർവെൻഷൻ അവാർഡ്



സംസ്ഥാന കൃഷിവകുപ്പ് ഏർപ്പെടുത്തിയ പോസ്റ്റ് ഹാർവെസ്റ്റ് ഇന്റർവെൻഷൻ അവാർഡ് 2019 ഈ പ്രാവശ്യം വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് ലഭിച്ചു.നാളികേര വികസന ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ 2015 ൽ ആരംഭിച്ച കമ്പനിയാണിത്. തെങ്ങിൽ നിന്ന് നീര, വെളിച്ചെണ്ണ തുടങ്ങി 18 ഉൽപ്പന്നങ്ങൾ ഡി കോക്കോസ് ബ്രാന്റിൽ കമ്പനി പുറത്തിറക്കുന്നുണ്ട്. ഡിസംബർ 9 ന് ആലപ്പുഴയിൽ കൃഷി വകുപ്പ് മന്ത്രിയിൽ നിന്ന് കമ്പനി ഭാരവാഹികൾ അവാർഡ് ഏറ്റുവാങ്ങി.

# കൃഷി പാഠശാല നടത്തി

നാളികേര വികസന ബോർഡിന്റെ നിർദ്ദേശ പ്രകാരം കോട്ടയം ജില്ലയിലെ പാമ്പാടി നാളികേര ഉത്പാദക ഫെഡറേഷന്റെ നേതൃത്വത്തിൽ തനിമ ഉത്പാദക സംഘത്തിന്റെ സഹകരണത്തോടെ ഏകദിന കാർഷിക പാഠശാല നടത്തി. കരിങ്ങണാമറ്റം കൃഷിയിടത്തിൽ നടന്ന പാഠശാലയുടെ ഉദ്ഘാടനം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മത്തച്ചൻ താമരശേരി നിർവഹിച്ചു. ചടങ്ങിൽ തോമസ് കെ.ജോൺ അധ്യക്ഷനായിരുന്നു. ഫെഡറേഷൻ പ്രസിഡന്റ് എം രാമകൃഷ്ണപിള്ള, സെക്രട്ടറി സിജെ സ്കറിയ, ശ്രീമതി കുഞ്ഞൂഞ്ഞമ്മ കുര്യൻ, ജോർജ് വർഗീസ് എന്നിവർ സംസാരിച്ചു. കൃഷി വകുപ്പ് റിട്ടയേഡ് ഡയറക്ടർ കോര തോമസ് ക്ലാസ് നയിച്ചു.





അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് തീയിട്ട് നശിപ്പിക്കുക.

- അതിനുശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. എന്ന കുമിൾ നാശിനി 2 മില്ലി ലിറ്റർ 300 മില്ലി ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി നാമ്പോലയുടെ കവിളിൽ ഒഴിച്ചുകൊടുക്കുക.
- തെങ്ങുകൾക്ക് ആവശ്യത്തിന് വെള്ളവും വളവും ചേർത്ത് ആരോഗ്യം മെച്ചപ്പെടുത്തുക.

*തയ്യാറാക്കിയത് : സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ് ജോസഫ് രാജ്കുമാർ, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

കേരളത്തിലെ കൊച്ചി, ആലപ്പുഴ, കോഴിക്കോട് വെളിച്ചെണ്ണ വിപണികളിൽ 2019 ഡിസംബർ മാസത്തിൽ വെളിച്ചെണ്ണ വില ഏകദേശം സ്ഥിരതയാണ് കാണാൻ കഴിഞ്ഞത്. കൊച്ചിയിൽ ക്വിന്റലിന് 16250 രൂപയിലും, ആലപ്പുഴയിൽ 16150 രൂപയിലും കോഴിക്കോട്ട് 17300 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചിയിലും ആലപ്പുഴയിലും 16200 രൂപയും, കോഴിക്കോട് വിപണിയിൽ 17400 രൂപയുമായിരുന്നു ക്വിന്റലിന്റെ വില നിലവാരം. വ്യാപാരം അവസാനിച്ചപ്പോൾ ആലപ്പുഴയിലും കോഴിക്കോട്ടും ക്വിന്റലിന് യഥാക്രമം 50 രൂപയും 100 രൂപയും വീതം നേട്ടവും കൊച്ചിയിൽ ക്വിന്റലിന് 50 രൂപയുടെ നഷ്ടവും രേഖപ്പെടുത്തി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസം വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രവണതയാണ് ദൃശ്യമായത്. ക്വിന്റലിന് 13000 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം ക്വിന്റലിന് 200 രൂപ നഷ്ടത്തിൽ 12800 രൂപയിൽ ക്ലോസ് ചെയ്തു. 2019 ഡിസംബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:



പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 02.12.2019 | 16250 | 16150 | 17300 | 13000 |
| 09.12.2019 | 16050 | 16150 | NR | 12667 |
| 16.12.2019 | 16150 | 16150 | 17400 | 12667 |
| 23.12.2019 | 16300 | 16400 | 17400 | 12933 |
| 30.12.2019 | 16200 | 16200 | 17400 | 12800 |




### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വ്യാപാരം കോഴിക്കോട് വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 13200 രൂപയിൽ ആരംഭിച്ചു. ഡിസംബർ മാസത്തിലുടനീളം വിലയിൽ ചാഞ്ചാട്ടമാണ് ദൃശ്യമായത്. മാസാവസാനം ക്വിന്റലിന് 100 രൂപ നേട്ടത്തിൽ 13300 രൂപയിൽ വിപണി ക്ലോസ് ചെയ്തു. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 02.12.2019 | 13200 |
| 09.12.2019 | NR |
| 16.12.2019 | 13400 |
| 23.12.2019 | 13250 |
| 30.12.2019 | 13300 |

### ആട്ടുകൊപ്ര

ആട്ടു കൊപ്രയുടെ വ്യാപാരം കഴിഞ്ഞ മാസം കൊച്ചിയിൽ ക്വിന്റലിന് 10550 രൂപയിലും ആലപ്പുഴയിൽ ക്വിന്റലിന് 10400 കോഴിക്കോട്ട് ക്വിന്റലിന് 10600 രൂപയിലുമാണ് ആരംഭിച്ചത്. ആട്ടുകൊപ്രയുടെ വിലയിൽ 2019 ഡിസംബർ മാസം മുഴുവൻ കേരളത്തിലെ മൂന്നു വിപണികളിലും വിലയിൽ സമ്മിശ്ര പ്രവണത ദൃശ്യമായി. വിപണി ക്ലോസ് ചെയ്യുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 10500 രൂപയും, ആലപ്പുഴയിൽ ക്വിന്റലിന് 10400 രൂപയും, കോഴിക്കോട്ട് 10600 രൂപയും വീതം വിലകൾ രേഖപ്പെടുത്തി. വ്യാപാരം അവസാനിക്കുമ്പോൾ കൊച്ചിയിൽ മാത്രം ക്വിന്റലിന് 50 രൂപയുടെ നഷ്ടം രേഖപ്പെടുത്തി. ആലപ്പുഴയിലും കോഴിക്കോട്ടും വിലയിൽ മാറ്റമില്ലാതെ വിപണി ക്ലോസ് ചെയ്തു.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 9000 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം ക്വിന്റലിനു 300 രൂപ നേട്ടത്തിൽ 9300 രൂപയിൽ ക്ലോസ് ചെയ്തു.

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
| 02.12.2019 | 10550 | 10400 | 10600 | 9000 |
| 09.12.2019 | 10350 | 10400 | NR | 9000 |
| 16.12.2019 | 10450 | 10400 | 10600 | 9200 |
| 23.12.2019 | 10600 | 10600 | 10650 | 9300 |
| 30.12.2019 | 10500 | 10400 | 10600 | 9300 |



**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2019 ഡിസംബർ മാസത്തിൽ ഉണ്ടക്കൊപ്രയുടെ വിലയിൽ സമ്മിശ്ര പ്രവണത രേഖപ്പെടുത്തി. ക്വിന്റലിന് 11500 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. ഉണ്ടക്കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 02.12.2019 | 11500 |
| 09.12.2019 | 11200 |
| 16.12.2019 | 11800 |
| 23.12.2019 | 11500 |
| 30.12.2019 | 11500 |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ടത്തേങ്ങയുടെ വിലയിൽ 2019 ഡിസംബർ മാസത്തിലൂടനീളം ഉണർവാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 9850 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 400 രൂപ നേട്ടത്തിൽ 10250 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 02.12.2019 | 9850 |
| 09.12.2019 | NR |
| 16.12.2019 | 10050 |
| 23.12.2019 | 10250 |
| 30.12.2019 | 10250 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം 2019 ഡിസംബർ മാസത്തിൽ ആയിരത്തിന് 16000 രൂപയ്ക്ക് ആരംഭിച്ച്, മാസവസാനം 16000 രൂപയിൽ തന്നെ ക്ലോസ് ചെയ്തു.

തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ ആയിരത്തിന് 13000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം, മാസാവസാനം 14000 രൂപയിൽ ക്ലോസ് ചെയ്തു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 23000 രൂപയിൽ ആരംഭിച്ച് ആയിരത്തിന് 6500 രൂപ നഷ്ടത്തിൽ മാസാവസാനം 16500 രൂപയിൽ വിപണി ക്ലോസ് ചെയ്തു. മംഗലാപുരം വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 22000 രൂപയിൽ ആരംഭിച്ച് മാസാവസാനം 24000 രൂപയിൽ തന്നെ വിപണി ക്ലോസ് ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗളുരു (ഗ്രേഡ് 1) |
| 02.12.2019 | 16000 | 13000 | 23000 | 22000 |
| 09.12.2019 | 16000 | NR | 23000 | 22000 |
| 16.12.2019 | 16000 | 14000 | 16500 | 24000 |
| 23.12.2019 | 16000 | 14000 | 16500 | 24000 |
| 30.12.2019 | 16000 | 14000 | 16500 | 24000 |

# അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

അന്താരാഷ്ട്ര വിപണിയിലും ഫിലിപ്പീൻസിലെയും, ഇന്തോനേഷ്യയിലെയും, ശ്രീലങ്കയിലെയും ആഭ്യന്തര വിപണിയിലും കഴിഞ്ഞ മാസത്തിലുടനീളം വെളിച്ചെണ്ണ വിലയിൽ ഉണർവാണ് പ്രകടമായത്. അതെ സമയം ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ ടണ്ണിന് 1808 ഡോളറിൽ ആരംഭിച്ച വ്യാപാരം മാസത്തിലുടനീളം അതെ വില നിലനിർത്തി വ്യാപാരം അവസാനിച്ചു. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.12.2019 | 960 | 935 | 937 | 1903 | 1808 |
| 14.12.2019 | 970 | 934 | 939 | 1963 | 1789 |
| 21.12.2019 | 1029 | 980 | 978 | 1958 | 1836 |
| 28.12.2019 | 1088 | NQ | 1089 | 1996 | 1808 |

*കാങ്കയം



**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ നാളികേര വിപണികളിലെ കഴിഞ്ഞ മാസ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.12.2019 | 140 | 162 | 211 | NR |
| 14.12.2019 | 144 | 163 | 220 | 431 |
| 21.12.2019 | 147 | 171 | 227 | 445 |
| 28.12.2019 | 146 | 173 | 227 | 445 |

*പൊള്ളാച്ചി





**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ ആഭ്യന്തര വിപണിയിൽ കഴിഞ്ഞ മാസം കൊപ്രയുടെ വിലയിൽ ഉണർവ് ദൃശ്യമായി. വിവിധ വിപണികളിലെ കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.12.2019 | 537 | 555 | 949 | 1299 |
| 14.12.2019 | 569 | 571 | 1150 | 1299 |
| 21.12.2019 | 607 | 593 | 1147 | 1314 |
| 28.12.2019 | NQ | 595 | 1145 | 1314 |

*കാങ്കയം

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാ ക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.



# പൈനാപ്പിൾ കോക്കനട്ട് സമ്മർ സ്മൂത്തി

## ആവശ്യമുള്ള ചേരുവകൾ

കരിക്കിന്റെ വെള്ളവും കാമ്പും കൂടി ഒരു കപ്പ്
റെഫ്രിജറേറ്ററിൽ വച്ചിരുന്ന ഏത്തപ്പഴം - 1
റെഫ്രിജറേറ്ററിൽ വച്ചിരുന്ന പൈനാപ്പിൾ അരിഞ്ഞത് - ഒന്നര കപ്പ്
ഇഞ്ചി - അല്പം

## തയാറാക്കുന്ന വിധം

ചേരുവകൾ എല്ലാം ചേർത്ത് മിക്സിയിൽ അടിച്ച് മാർദ്ദവമുള്ള ക്രീം ഉണ്ടാക്കുക. മിക്സി ഓഫ് ചെയ്ത ശേഷം ഈ മിശ്രിതം ബൗളുകളിലേയ്ക്കു പകർന്ന് പൈനാപ്പിൾ കഷണം വച്ച് ഗാർണിഷ് ചെയ്യുക.



കടപ്പാട്:
FLORA